KASHMIR TAZHVARAYIL

MAMMEN

Nb

U8:292:N6

32K5

MUL
288433

# കാശ്മീർ താഴ്‌വരയിൽ

UNIVERSITY LIBRARY
-9 DEC 1974
MADRAS

ഗ്രന്ഥകർത്താ:

കെ. വി. മാമ്മൻ

പ്രസാധകർ:

ബേബി പബ്ലിക്കേഷൻസ്

പത്തനംതിട്ട.

വില. 1 രൂപ.

# IN KASHMIR VALLEY

Travelogue

288433

U8:292:N6

32K5

By

K. V. MAMMEN

*First published– September– 1965*

**Copy Right Reserved**

*Price Re. 1*

PRINTED AT

CHRISTAVA ASHRAM PRESS MANGANAM, KOTTAYAM.

# അവതാരിക

മലയാളത്തിൽ യാത്രാവിവരണങ്ങളുടെ ഒരു പ്രളയം തന്നെയാണിപ്പോഴുള്ളത്. അവയിൽ മിക്കതും സാഹിത്യ പദവിയെ സമാരോഹണം ചെയ്യുന്നവയാണെന്നു പറഞ്ഞുകൂടാ. തങ്ങൾ സഞ്ചരിക്കുന്ന രാജ്യത്തെയും അവിടത്തെ ജനതയേയും സംബന്ധിച്ചുള്ള വികലമായ കുറെ ചരിത്രവസ്തുതകളും, അവ്യക്തമായ ഭൂസ്ഥിതി വിവരങ്ങളും, സ്ഥലകാലവർണ്ണനകളും, ചില പ്രസിദ്ധീകരണങ്ങളെ അവലംബിച്ചു തയ്യാറാക്കിയിട്ടുള്ള വസ്തുസ്ഥിതി പരാമർശനങ്ങളും സ്വാനുഭവങ്ങളോട്ട് കൂട്ടിയിണക്കിയാൽ യാത്രാവിവരണമായി എന്നാണ് പലരുടെയും വിചാരം. വിരസത അത്തരം കൃതികളുടെ കൂടെപ്പിറപ്പാണ്. വേണ്ടത്ര അനുഭൂതിയോ, സഹൃദയത്വമോ, ത്യാജ്യഗ്രാഹ്യവിവേചനബുദ്ധിയോ, കാര്യങ്ങളെ ക്രമമായും, അനുഭാവപൂർണ്ണമായും പ്രതിപാദിക്കുന്നതിലുള്ള പാടവമോ ഇല്ലാതെ എഴുതുന്ന യാത്രാവിവരണം സഹൃദയമനോരഞ്ജകമാവുകയില്ലെന്നുള്ളതിന് പ്രത്യക്ഷസാക്ഷ്യങ്ങളാണവ.

ശ്രീ കെ. വി. മാമ്മൻ നടത്തിയ കാശ്മീർ പര്യടനത്തെ നിത്യസ്മരണാർഹമാക്കുന്ന ഈ ഹ്രസ്വകൃതി, ഹൃദ്യങ്ങളായ അനുഭവങ്ങൾകൊണ്ടും കാവ്യാത്മകമായ വിവരണങ്ങൾകൊണ്ടും കമനീയമായിരിക്കുന്നു. അനുവാചകരെ തന്റെ കൂടെ കൊണ്ടുപോകാൻ അദ്ദേഹം ഒട്ടുംതന്നെ ക്ലേശിക്കുന്നില്ല. ഹൃദ്യത്തെ വിളിയോടുകൂടി അനുവാചകർ അദ്ദേഹത്തോടൊപ്പം പോവുകയായി. അദ്ദേഹം നിൽക്കുമ്പോൾ അവരും നില്ക്കും; പ്രകൃതിഭംഗി ആസ്വദിക്കുമ്പോൾ അവരും അതിൽ ലയിച്ചു ചേരും; പറയുന്നതെല്ലാം ഇമ്പമായി ശ്രദ്ധിച്ചുകൾക്കും:നടക്കുമ്പോൾ വിടാതെ കൂട്ടും. ഇങ്ങനെ തന്നോടൊത്തു് വായനക്കാരെയുംകൂട്ടി കാശ്മീർ താഴ്‌വരയിലെ നന്ദനോദ്യാനസദൃശമായ പ്രദേശങ്ങളിൽ കൂടി സോല്ലാസം

അനായാസം സഞ്ചരിക്കുകയും സ്വാനുഭൂതികളെ അവരിലേക്ക് തൃപ്തികരമായി പകർത്തുകയും ചെയ്യുകയാണു ഗ്രന്ഥകാരൻ.

ഒൻപതു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്ന ഈ ചെറുകൃതിയിലെ ഓരോ ഖണ്ഡവും കൗതുകത്തോടും ആനന്ദത്തോടും കൂടി മാത്രമേ വായിക്കാനാവൂ. "ഇമ്പങ്ങളുടെ സ്വർഗ്ഗഭൂമിയിൽ,, എന്ന ഖണ്ഡം പ്രത്യേകിച്ചും. ആദ്യന്തം മനോജ്ഞമാണ് ആ അദ്ധ്യായം. ഒന്നു രണ്ടുദാഹരണങ്ങൾ ഉദ്ധരിക്കാതെ വയ്യ. "മഞ്ഞു പുതച്ചിരിക്കുന്ന മലകളും, ഹിമാനികൾ ഉറഞ്ഞുകിടക്കുന്ന മലയിടുക്കുകളും, സൂര്യരശ്മികളുടെ ചായ്‌വനുസരിച്ച് മഴവില്ലിന്റെ വർണ്ണഭംഗി സ്വീകരിക്കുന്ന മലമുകളിലെ ജലാശയങ്ങളും, പ്രകൃതി സ്വന്തം കരവിരുതുകൊണ്ട് പരവതാനി പോലെ വിരിച്ചൊരുക്കിയിരിക്കുന്ന കുസുമശയ്യകളും, നിറപ്പകിട്ടുള്ള പക്ഷിവൃന്ദങ്ങളുടെ സ്വർഗ്ഗീയഗാനസുധകളും, ധൂമപങ്കിലമല്ലാത്ത നീലാകാശവിതാനങ്ങളുമുള്ള പഹൽഗാമും ഗുൽമാർഗ്ഗും, അലൗകികമായ അനുഭൂതിവിശേഷങ്ങളരുളുന്ന ഇമ്പങ്ങളുടെ പറുദീസകൾ തന്നെയാണ്". ലിഡർ വാലിയെ വർണ്ണിക്കുന്നതു നോക്കുക: "ശാന്തസുന്ദരമായ അന്തരീക്ഷം. മനോഹരമായ ഭൂപ്രകൃതി. പൈൻ മരങ്ങൾ നിറഞ്ഞ വനങ്ങൾ താഴ്‌വരയുടെ അതിർത്തികൾക്ക് അലുക്കിട്ടു നിൽക്കുന്നു. താഴ്‌വരകളിലെല്ലാം വൻപിച്ച ചിനാർ മരങ്ങളും മൽബറി, പോപ്ളാർ വില്ലോ തുടങ്ങിയ വൃക്ഷങ്ങളും തഴച്ചുവളരുന്നു. വാൽനട്ട്—ആപ്പിൾ മരങ്ങളുടെ കൊമ്പുകൾ ഫലഭാരത്താൽ കുനിഞ്ഞു നിൽക്കുന്ന കാഴ്ച ഹൃദയഹാരിയാണ്".

ആർജ്ജവം, സൗന്ദര്യബോധം, വിജ്ഞാനതൃഷ്ണ എന്നിവ ഈ കൃതിയിൽ ഉടനീളം പ്രകാശിക്കുന്നു. രമണീയമായ വർണ്ണന, ആഹ്ലാദോത്തേജകവും അവക്രവുമായ പ്രതി

പാദനം, സത്യസന്ധവും വിജ്ഞേയവുമായ ചരിത്രപരാമർശം, ലളിതമധുരമായ ഭാഷാരീതി മുതലായവ ഈ കൃതിയുടെ വിജയഹേതുക്കളാണ്. ഒരു യാത്രാവിവരണമെഴുതാൻ തക്ക സിദ്ധികളെല്ലാം ഈ ഗ്രന്ഥകാരനിൽ ഒത്തിണങ്ങിയിട്ടുണ്ട്. പുസ്തകം മുഴുവൻ വായിച്ചു കഴിയുമ്പോൾ "ഇത്ര പെട്ടെന്നു തീർന്നല്ലോ" എന്നൊരു കുണ്ഠിതമാണ് ആർക്കും ഉണ്ടാവുക. ഒരു മണിക്കൂറിലധികം വേണ്ട, ഇതു പൂർത്തിയാക്കാൻ. അതിനിടയിലുള്ള ഓരോ നിമിഷവും നമുക്ക് ആത്മനിർവൃതികരമാണ്. ഇതുപോലുള്ള യാത്രകൾ നടത്താനും, അവയെ ഗദ്യകാവ്യരൂപത്തിൽ ആവിഷ്കരിക്കാനുമുള്ള സൗകര്യവും സന്ദർഭവും പ്രകൃതഗ്രന്ഥകാരന് ഇനിയും ലഭിക്കുമാറാകട്ടെ. അവ നമ്മുടെ സഞ്ചാരസാഹിത്യനിധിയിലേക്ക് നല്ലൊരു മുതൽക്കൂട്ടായിരിക്കുമെന്നുള്ളതിനു സംശയമില്ല.

സി. എം. എസ്. കോളജ്,
കോട്ടയം,
7—9—65.

അമ്പലപ്പുഴ രാമവർമ്മ എം. ഏ.
(ഒപ്പ്)

# ഒരുവാക്ക്

1964 സെപ്റ്റംബർ ആദ്യവാരത്തിൽ കാശ്മീർ താഴ്വരയിൽ, അവിടത്തെ ടൂറിസ്റ്റുവകുപ്പിന്റെ അതിഥിയായി സന്ദർനം നടത്തിയ ശേഷം തയ്യാറാക്കിയ ഒരു ലഘുഗ്രന്ഥമാണിതു്. ഞങ്ങൾ താഴ്വരയിൽ പര്യടനം നടത്തുമ്പോൾ അവിടത്തെ കാലാവസ്ഥയും ആഭ്യന്തരമായ സ്ഥിതിഗതികളും വളരെയധികം ഹൃദ്യമായിരുന്നു. പക്ഷെ ഇന്നു് ജമ്മു-കാശ്മീരിൽ 'പാക്ക്' ആക്രമണം മൂലം പല അനിഷ്ടസംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. ഇപ്പോഴത്തെ പ്രതികൂലപരിതസ്ഥിതികളെയും കാശ്മീർജനത അതിജീവിക്കുമെന്നും സഞ്ചാരികളുടെ പറുദീസയായി കാശ്മീർ മേലിലും പരിലസിക്കുമെന്നും ആശിക്കുന്നതിൽ തെററില്ല.

കാശ്മീർ പര്യടനത്തിനു് എന്നെ സഹായിച്ച മലയാളമനോരമ മാനേജിംഗ് എഡിറ്റർ ശ്രീ കെ. എം. മാത്യു അവർകളോടും ഈ പുസ്തകം മുദ്രണം ചെയ്യുന്നതിനു് എന്നെ പ്രോത്സാഹിപ്പിച്ച മാങ്ങാനം ക്രൈസ്തവാശ്രമം ആചാര്യ ശ്രീ കെ. എം. മാമ്മനോടും ഇതിനു് ഒരവതാരിക എഴുതി അനുഗ്രഹിച്ച സി. എം. എസ്. കോളജ് മലയാളം വകുപ്പദ്ധ്യക്ഷൻ ശ്രീ അമ്പലപ്പുഴ രാമവർമ്മ അവർകളോടും എനിക്കുള്ള സന്തോഷവും കൃതജ്ഞതയും രേഖപ്പെടുത്തിക്കൊള്ളുന്നു. ഇന്ത്യയെ പൂർണ്ണമായികണ്ടെത്തുന്നതിനു് കാശ്മീർ സന്ദർശിക്കേണ്ടതത്യാവശ്യമാണു്. കാശ്മീർതാഴ്വര സന്ദർശിക്കാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കന്മാർക്കും വിദ്യാർത്ഥികൾക്കും ഈ പുസ്തകം അല്പമെങ്കിലും സഹായകമാകുമെങ്കിൽ ഞാൻ കൃതാർത്ഥനാണു്.

കെ. വി. മാമ്മൻ

മലയാളമനോരമ

കോട്ടയം,

സെപ്റ്റംബർ 4 1965.

I

# യാത്രയുടെ ആരംഭം

എല്ലാം യാദൃച്ഛികമായിട്ടാണു സംഭവിച്ചതു്. ഡൽഹിയിലെ ഇന്ത്യൻ പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ 1964 ഓഗസ്റ്റ് രണ്ടു മുതൽ നാലാഴ്ചക്കാലത്തേക്കു നടത്തപ്പെട്ട റിപ്പോർട്ടേഴ്സ് ട്രയിനിംഗ് കോഴ്സിൽ സംബന്ധിക്കുന്നതിനു മലയാളമനോരമയിൽനിന്നും എന്നെ നിയോഗിച്ചതും ആകസ്മികമായിട്ടാണു്. പ്രയോജനകരമായ ഈ കോഴ്സ് കഴിഞ്ഞശേഷം ഉടൻതന്നെ നാട്ടിലേക്കു മടങ്ങുക എന്ന ലക്ഷ്യമേ കോട്ടയം വിട്ടപ്പോൾ എനിക്കുണ്ടായിരുന്നുള്ളു. മുപ്പതുലക്ഷം ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും മുന്നൂറു ചതുരശ്രമൈൽ വിസ്തീർണ്ണമുള്ളതുമായ ഡൽഹിയിൽ ഒന്നു ചുറ്റിക്കറങ്ങണമെന്നുപോലും ആഗ്രഹിച്ചില്ല. 1959 ഡിസംബറിൽ അന്നത്തെ അമേരിക്കൻ പ്രസിഡണ്ടായിരുന്ന ജനറൽ ഐസൻഹോവർ ന്യൂഡൽഹിയിൽ വന്നപ്പോൾ, ഒരു പഠനപര്യടനമദ്ധ്യേ ന്യൂഡൽഹിയിൽ ഒരാഴ്ചക്കാലം താമസിച്ചു് അവിടത്തെ ചരിത്രപ്രസിദ്ധങ്ങളായ സ്ഥലങ്ങളും സ്ഥാപനങ്ങളും എനിക്കു കാണാൻ സൗകര്യപ്പെട്ടതുകൊണ്ടാണു് ഇന്ത്യയുടെ തലസ്ഥാനനഗരിയിൽ കൂടുതൽ ദിവസം താമസിക്കാനുള്ള ആഗ്രഹം തോന്നാതിരുന്നതു്.

കോഴ്സ് തുടങ്ങി ഒരാഴ്ച കഴിഞ്ഞപ്പോൾ ഡൽഹിയിൽ എത്തിയ മലയാളമനോരമ ചീഫ് എഡിറ്റർ ശ്രീ കെ. എം. ചെറിയാനും മാനേജിംഗ് എഡിറ്റർ ശ്രീ കെ. എം. മാത്യുവും ഞങ്ങളുടെ പരിശീലനത്തെപ്പറ്റി കൗതുകപൂർവ്വം ചോദിച്ചറിഞ്ഞുകൊണ്ടിരുന്നു. ശ്രീ മാത്യു, സ്വപുത്രൻ രാജനുമൊന്നിച്ചു് പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ വരികയും പത്രപ്രതിനിധികളുടെ ചോദ്യങ്ങൾക്കു് സമർത്ഥമായ രീതിയിൽ മറുപടി പറയുകയും ചെയ്തു. ശ്രീ മാത്യുവിന്റെ സന്ദർശനം എനിക്കും, എന്റെ സഹപ്രവ

ത്തകനും മനോരമയുടെ എറണാകുളം പ്രതിനിധിയുമായ ശ്രീ എം. സി. കുരുവിളയ്ക്കും വളരെ ഉത്തേജനം നൽകി. പരിശീലനകാലത്തു് മാനേജിംഗ് എഡിററർ ഇൻസ്റ്റിററ്യൂട്ടിൽ വന്നു ഞങ്ങളുടെ ക്ഷേമാന്വേഷണം നടത്തിയതിൽ ഞങ്ങൾക്കു് അഭിമാനവും മററുള്ളവർക്കു് അല്പം അസൂയയും ഉണ്ടായി എന്നു പറയാം.

ഓഗസ്റ്റ് 9-ാംനു- ഞായർ. ഡൽഹിയിലെ പരിപാടികൾക്കുശേഷം ശ്രീ മാത്യു അന്നു് നാട്ടിലേയ്ക്കു മടങ്ങുകയാണു്. ശ്രീ കുരുവിളയും ഞാനും ഉച്ചകഴിഞ്ഞു് അശോകാ ഹോട്ടലിൽ എത്തി. സന്ധ്യയോടുകൂടി മനോരമയുടെ ഡൽഹി ബ്യൂറോ ചീഫായ ശ്രീ വി. എം. മരങ്ങോലിയും വന്നു. ശ്രീ മാത്യുവിനെ യാത്രയയയ്ക്കുന്നതിനു് ഞങ്ങളെല്ലാവരും കൂടി പാലം വിമാനത്താവളത്തിൽ എത്തി. മണി ഏഴു കഴിഞ്ഞു. ബോംബെയ്ക്കുള്ള ബോയിംഗ് വിമാനം അല്പം അകലെ കിടക്കുന്നുണ്ടു്. എയർലൈൻസ് ഓഫീസിൽ വച്ചു സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ "എന്താ നിങ്ങൾക്കു് കാശ്മീരിൽ പോകണമെന്നുണ്ടോ? രാജനും ഇവരുടെ കൂടെ പോയി എല്ലാം കണ്ടോ," ശ്രീ കെ. എം. മാത്യു പറഞ്ഞു. ഞങ്ങളുടെ മുഖത്തു് സന്തോഷത്തിന്റെ പുഞ്ചിരി പൊടിച്ചു. ശ്രീ കെ. എം. ചെറിയാൻ ബുക്കുസ്റ്റാളിലെ പുതിയ പുസ്തകങ്ങളിൽ ശ്രദ്ധിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. ബോംബെ യാത്രക്കാർ വിമാനത്തിൽ കയറണമെന്നുള്ള അറിയിപ്പിനെ തുടർന്നു് ഞങ്ങൾ വിമാനം ഉയരുന്നതു കാണാനായി രണ്ടാം നിലയിലേക്കു പോയി. അപ്പോഴും തിരിച്ചു് ഇൻസ്റ്റിററ്യൂട്ടിലേക്കു പോയപ്പോഴും ഞങ്ങൾക്കു് കൈവന്ന ഭാഗ്യത്തെപ്പററിയുള്ള ചിന്ത മനസ്സിൽ പതച്ചുപൊങ്ങിക്കൊണ്ടിരുന്നു.

ഞങ്ങളുടെ കാശ്മീർ പര്യടനത്തിനു പച്ചക്കൊടി ലഭിച്ച വാർത്ത പ്രസ്സ് ഇൻസ്റ്റിററ്യൂട്ടിൽ അറിഞ്ഞു. ഡയറക്ടർ ശ്രീ ചഞ്ചൽസർക്കാറും ഇൻസ്ട്രക്ടർ ശ്രീ വിക്ടർ ആനന്ദും ഞങ്ങളെ അഭിനന്ദിച്ചു. സഹപാഠികളിൽ പലർക്കും വീണ്ടും അസൂയയാണു തോന്നിയതു്. എല്ലാ ദിവസ

റും കാശ്മീർ പര്യടനത്തെപ്പററിയുള്ള ചിന്ത മനസ്സിൽ ഓടി എത്തുമായിരുന്നു. ശ്രീനഗറിലേക്ക് എങ്ങനെ യാത്ര ചെയ്യണമെന്നതിനെപ്പററി പല ദിവസങ്ങൾ ഞങ്ങൾ ആലോചിച്ചു. "ശ്രീനഗർ മാത്രം കണ്ടാൽ പോരാ ഗുൽമാർഗ്ഗും പഹൽഗാമും നിശ്ചയമായും കാണണം." യുഗാന്തറിന്റെ സ്റ്റാഫ് റിപ്പോർട്ടറായ ശ്രീ സുബോധ്ബോസ് അനുസ്മരിപ്പിച്ചു.

ഡൽഹിയിൽനിന്നു ശ്രീനഗറിൽ എത്തുന്നതിനു പ്രധാനമായും മൂന്നു മാർഗ്ഗങ്ങളാണുള്ളത്. വിമാനയാത്ര സുഖപ്രദവും എളുപ്പവുമാണ്. പാലം വിമാനത്താവളത്തിൽനിന്നു ഒന്നരമണിക്കൂർ കൊണ്ടു് ഇന്ത്യൻ എയർലൈൻസ് കോർപ്പറേഷന്റെ വൈക്കൌണ്ട വിമാനം ശ്രീനഗറിൽ പറന്നെത്തും. ഐ. എ. സി. ഡൽഹിയിൽനിന്നും പത്താങ്കോട്ടനിന്നും ശ്രീനഗറിലേക്കു നിത്യവും സർവ്വീസു് നടത്തുന്നുണ്ടു്.

റോഡിൽ കൂടിയുള്ളതാണ് രണ്ടാമത്തെ മാർഗ്ഗം. സമയം ധാരാളം ഉണ്ടെങ്കിൽ ഡൽഹിയിൽ നിന്നു കാർ മാർഗ്ഗം കാശ്മീരിലേക്കു യാത്ര ചെയ്യുകയാണ് ഏററവും നല്ലതു്. ഒന്നാംതരം റോഡാണ് 550 മൈൽ നീളത്തിൽ കിടക്കുന്നതു്. ഡൽഹിയിൽനിന്നു ടങ്കു റോഡിൽ കൂടി കാർണൽ, അംബാല, ലുധിയാന, ജലന്തർ വഴി പത്താങ്കോട്ടേയ്ക്കും അവിടെനിന്നു ജമ്മു വഴി ശ്രീനഗറിലേക്കുമാണ് സഞ്ചരിക്കേണ്ടതു്. ഡൽഹിയിൽനിന്നും പത്താങ്കോട്ടേയ്ക്കു് 300 മൈൽ ദൂരമാണുള്ളതു്. നാലഞ്ചാളുകൾ ഒന്നിച്ചു കാശ്മീർ കാണാൻ പോകയാണെങ്കിൽ ഡൽഹിയിൽനിന്നും ഒരു ടാക്സി കാറിൽ സഞ്ചരിച്ചാൽ എല്ലാംകൊണ്ടും യാത്ര ഉല്ലാസകരമാകും. പഞ്ചാബിന്റെ സമതലപ്രദേശങ്ങൾ പിന്നിട്ടാൽ മലകളുടെ അരികുചേർന്നു വളഞ്ഞുപുളഞ്ഞു് ഉയർന്നു കിടക്കുന്ന റോഡിലൂടെയുള്ള യാത്ര തികച്ചും ആനന്ദദായകമാണ്. ഒരു വശത്തു് തഴച്ചുപന്തലിച്ച താഴ്വരകൾ; മറുവശത്തു് അവയ്ക്കു തണൽ നൽകാൻ തയ്യാറായി ഉയർന്നു നിൽക്കുന്ന സുന്ദരങ്ങളായ കുന്നുകൾ. കാറിന്റെ ശബ്ദത്തിനു പുറമേ കാട്ടു

പക്ഷികളുടെ പാട്ടുകളും നിങ്ങൾക്കു കേൾക്കാം. കവിത നിറഞ്ഞു നിൽക്കുന്ന അന്തരീക്ഷത്തിലൂടെയുള്ള ആ യാത്ര അവിസ്മരണീയമായി അവശേഷിക്കുകയും ചെയ്യും.

തീവണ്ടിയിലാണു യാത്രയെങ്കിൽ,രാത്രിയിൽ ന്യൂഡൽഹിയിൽനിന്നു തിരിക്കുന്ന ടെയിനിൽ കയറിയാൽ നേരം പ്രഭാതമാകുമ്പോഴേക്കും ഉത്തര റയിൽവേയുടെ ടെർമിനസായ പത്താങ്കോട്ട് എത്തിച്ചേരും. അവിടെനിന്നു ബസ്സുമാർഗ്ഗം ഒന്നര ദിവസം കൊണ്ടു് ശ്രീനഗറിൽ ചെന്നുചേരും. പത്താങ്കോട്ടെ ടൂറിസ്റ്റ് ബ്യൂറോ യാത്രക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ടു്. റോഡുമാർഗ്ഗം സഞ്ചരിച്ചാൽ വഴിമദ്ധ്യേ കുദ്, ബറോട്ട് എന്നീ സ്ഥലങ്ങളിലെ ബംഗ്ലാവുകളിൽ രാത്രി ക്യാമ്പു ചെയ്യുന്നതിനും സൗകര്യമുണ്ടു്.

തീവണ്ടിയിലും തുടർന്നു ബസ്സിലുമുള്ള യാത്ര ക്ലേശകരമാണെന്നും റോഡിൽ എവിടെ എങ്കിലും അല്പം മണ്ണിടിഞ്ഞു വീണിട്ടുണ്ടെങ്കിൽ വിചാരിക്കുന്നതുപോലെ ലക്ഷ്യസ്ഥാനത്തു് എത്തുകയില്ലെന്നും പലരും ഞങ്ങൾക്കു് മുന്നറിയിപ്പു നൽകി. പക്ഷേ കാശ്മീർ കൺകുളർക്കെ കാണണമെങ്കിൽ, കാശ്മീരിന്റെ പ്രകൃതിസൗന്ദര്യം ആവോളം നുകരണമെങ്കിൽ, കാർമാർഗ്ഗം തന്നെ സഞ്ചരിക്കയാണു വേണ്ടതു്. ഏതു വഴി ശ്രീനഗറിൽ എത്തണമെന്നുള്ള പ്രശ്നം ഞങ്ങൾ ശ്രീ വി. എം. മരങ്ങോലിയുമായി ചർച്ച ചെയ്യുകയും ഒടുവിൽ വിമാനയാത്ര തന്നെ എന്നു തീരുമാനിക്കുകയും ചെയ്തു. ടിക്കറ്റു് ബുക്കു ചെയ്യാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയതോടെ ഞങ്ങളുടെ സന്തോഷകരമായ കാശ്മീർ യാത്രയുടെ ആദ്യഘട്ടം ഏതാണ്ടു് പൂർത്തിയായി.



ശ്രീനഗറിന്റെ ഒരുദൃശ്യം

II

# ഡൽഹിയിൽ നിന്നും ശ്രീനഗറിലേക്ക്

1964 ഓഗസ്റ്റ് മുപ്പതാം തീയതി ഞായറാഴ്ച. രാവിലെ ഒൻപതുമണിക്കാണ് പാലം വിമാനത്താവളത്തിൽ നിന്നും ശ്രീനഗറിലേയ്ക്കുള്ള വൈക്കൗണ്ടു വിമാനം പുറപ്പെടുന്നതു്. ഞങ്ങൾ അതിരാവിലെ ഉണൎന്നു് കാപ്പികുടിയും കഴിഞ്ഞു ടാക്സികാറിൽ കൊനോട്ട്പ്ലേസിലുള്ള എയർലൈൻസ് ഓഫീസിൽ എത്തി. അല്പസമയത്തിനുള്ളിൽ ശ്രീ വി. എം. മരങ്ങോലിയും ഞങ്ങളെ യാത്രയയ്ക്കുന്നതിനു വന്നുചേൎന്നു. കാശ്മീർ താഴ്‌വര സന്ദർശിക്കുന്നതിനു ക്ഷണിക്കപ്പെട്ട പത്രപ്രതിനിധികളുടെ സംഘത്തിൽ ഞങ്ങൾക്കും അവസാന നിമിഷത്തിൽ സ്ഥാനം ലഭിച്ചതുകൊണ്ടു് ഞങ്ങളുടെ യാത്ര തികച്ചും ഒരുല്ലാസയാത്ര തന്നെയായിരുന്നു.

ഏതാനും മിനിട്ടുകൾക്കുള്ളിൽ ഞങ്ങൾ പാലം വിമാനത്താവളത്തിൽ എത്തിച്ചേർന്നു. ഇൻഫർമേഷൻ ബ്യൂറോ ഓഫീസർ ത്രിവേദി ഞങ്ങളോടൊപ്പം യാത്രചെയ്യുന്ന പത്രപ്രതിനിധികളായ രങ്കരാജൻ കുമുദം മദ്രാസ്, ജി. എസ്. ഭാർഗ്ഗവ ഇന്ത്യൻ എക്സ്പ്രസ്സ്, ഗോർഖേലാഷ് ആനന്ദ് ബസാർ പത്രിക തുടങ്ങിയവരുമായി ഞങ്ങൾ പരിചയപ്പെട്ടു. സമയം ഒൻപതുമണിയായി. ശ്രീനഗറിലേയ്ക്കുള്ള യാത്രക്കാർ വിമാനത്തിൽ കയറുക എ

മണി 11 കഴിഞ്ഞു. വിമാനം പ്രസിദ്ധമായ ബനിഹാൽപാസ്സ് കടക്കുകയാണ്. പന്തീരായിരം അടി ഉയരമുള്ള മലകളുടെ ഇടയിൽ സ്ഥിതി ചെയ്യുന്ന ഒരു മലയിടുക്കാണ് ബനിഹാൽപാസ്സ്. കാശ്മീരിലേക്കുള്ള കവാടം തന്നെ. "നിങ്ങൾ ഇപ്പോൾ ബനിഹാൽ പാസ്സിനു മുകളിലാണ്. 17000 അടി ഉയരത്തിലാണ് വിമാനം പറക്കുന്നത്. ഇനിയും പതിനഞ്ചു മിനിട്ടിനുള്ളിൽ ശ്രീനഗറിൽ എത്തും. നിങ്ങൾക്കു നന്ദി." എയർ ഹോസ്റ്റസ് ഇപ്രകാരം വിളിച്ചു പറഞ്ഞപ്പോഴും ഞാൻ മഞ്ഞിൻകിരീടമണിഞ്ഞ മാമലകളിൽ കണ്ണു നട്ടിരിക്കുകയായിരുന്നു. അകലെയായി ശ്രീനഗർ കണ്ടുതുടങ്ങി. പതിനൊന്നര മണിക്കു ഞങ്ങളുടെ വിമാനം ശ്രീനഗർ താവളത്തിൽ സ്പർശിച്ചു.

ഒരു വലിയ ജനക്കൂട്ടം വിമാനത്താവളത്തിനു ചുററും അക്ഷമരായി നിന്നിരുന്നു. ഷെയ്ക്കു്അബ്ദുള്ളയെ സ്വീകരിക്കാനെത്തിയവരായിരുന്നു അവർ. ടൂറിസ്റ്റ്ഡയറക്ടർ മിർസനസറുള്ളയും പാർട്ടിയും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ കാശ്മീർ ഓഫിസറായ ശ്രീ ചോപ്രായും ഇൻഫർമേഷൻ ഡയറക്ടർ ശ്രീ ശർമ്മയും ശ്രീനഗറിലെ പത്രപ്രതിനിധികളും മററും ഒക്കെ തന്നെ ഞങ്ങളെ സ്വാഗതം ചെയ്തു. ഞങ്ങൾ ടൂറിസ്റ്റ് വകുപ്പിൻെറ അതിഥികളാണെന്നുള്ള വസ്തുതയുടെ ഒരംഗീകരണമായിരുന്നു വിമാനത്താവളത്തിൽ വച്ചു ലഭിച്ച സ്വാഗതം. ഞങ്ങളുടെ ലഗ്ഗേജുകൾ ടൂറിസ്റ്റ് വകുപ്പിൻെറ വാനുകളിൽ കയററിക്കഴിഞ്ഞു. ഞങ്ങൾ നഗരത്തിലേക്കു യാത്ര തിരിച്ചപ്പോൾ വിമാനത്താവളത്തിനു വെളിയിൽ ഒരു വിഞ്ഞാപ്പെട്ടിപ്പുറത്തു നിന്നുകൊണ്ടു് ഷെയ്ക്കു്അബ്ദുള്ള തന്റെ ഡൽഹിദൗത്യത്തെപ്പററി ജനങ്ങളോടു സംസാരിക്കുന്നുണ്ടായിരുന്നു. പത്രപ്രതിനിധികൾ അതിലൊന്നും ശ്രദ്ധിക്കാതെ ഞങ്ങളോടൊന്നിച്ചു പോന്നു. തടിച്ചുകൂടിയ ആളുകളെല്ലാം ഷെയ്ക്കിൻെറ കൂലിപ്പട്ടാളമാണെന്നും ഷെയ്ക്കു് അങ്ങോട്ടും ഇങ്ങോട്ടും പോകുമ്പോഴെല്ലാം ഇത്രയും ആൾക്കൂട്ടം ഉണ്ടെന്നും അത്രേ ഒരു പത്രപ്രതിനിധി പറഞ്ഞതു്.


ഞങ്ങളുടെജീപ്പ് ശ്രീനഗറിലേക്കു നീങ്ങിത്തുടങ്ങി. വിമാനത്താവളത്തിൽ നിന്നും ആറു മൈലകലെയാണ് ശ്രീനഗർ നഗരം. പത്തുപതിനഞ്ചു മിനിട്ടിനുള്ളിൽ ഞങ്ങൾ ശ്രീനഗറിലെ സുപ്രസിദ്ധമായ ടൂറിസ്റ്റ് സെന്ററിൽ എത്തി. അവിടെനിന്നും ഞങ്ങൾക്കെല്ലാവർക്കും താമസസൗകര്യം ഒരുക്കിയിരിക്കുന്ന ഡാൽ തടാകത്തിലേക്കു ഞങ്ങൾ ആനയിക്കപ്പെട്ടു. നിങ്ങൾക്കു് ഹൗസ് ബോട്ടിലാണു് താമസസൗകര്യം ഏർപ്പെടുത്തിയിരിക്കുന്നതു്. ലഞ്ചുകഴിഞ്ഞു നമുക്കു മുഗൾ പൂന്തോട്ടങ്ങൾ കാണാൻ പോകാം. ഞങ്ങളെ അനുഗമിച്ചിരുന്നടൂറിസ്റ്റ് ഓഫീസർ ഭട്ട് നിർദ്ദേശം നല്കി. ഞങ്ങളെ കാത്തു കിടന്ന ഷിക്കാറയിൽ(അടി പരന്ന ചെറുതോണി) ഞങ്ങൾ കയറി. ഡാൽ തടാകത്തിൽ കൊച്ചോളങ്ങൾ സൃഷ്ടിച്ചുകൊണ്ടു് ഷിക്കാറ സ്വാൻ ബോട്ടിലേക്കു നീന്തി. ഒരാൾവെള്ളം പോലുമില്ലാതിരുന്ന ഡാൽ തടാകത്തിലെ ആ തോണിയാത്ര അവസ്മരണീയമാണ്. വേമ്പനാട്ടു കായലിന്റെ വിരിമാറിലൂടെയുള്ള ബോട്ടുയാത്രയുടെ സ്മരണകൾ എന്റെ മനസ്സിൽ ഓടിയെത്തി. രണ്ടുമിനിട്ടിനുള്ളിൽ ഞങ്ങൾ സ്വാനിലെത്തി. സ്വാനിന്റെ ഉടമസ്ഥൻ.മി. അഹമ്മദുബട്ക്കു ഞങ്ങളെ ഒരു പുഞ്ചിരിയോടുകൂടി സ്വാഗതം ചെയ്തു. ഗുജറാത്തിലെ സന്ദേശ് പത്രത്തിന്റെ ഒരു പത്രാധിപരായ ശ്രീ ഇശ്വർ പെട്ലക്കറും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. അല്പം മുമ്പ് വായുവിൽകൂടി സഞ്ചരിച്ച ഞങ്ങൾ ഇപ്പോഴിതാ വെള്ളത്തിൽ താമസമുറപ്പിച്ചിരിക്കുന്നു. അതും വിമാനത്തേക്കാൾ വലിയ ഒരു ഹൗസ്ബോട്ടിൽ.

III

# മുഗൾ ഉദ്യാനങ്ങളിൽ

വെൺ മേഘമേഖലകളെ പിൻതള്ളിക്കൊണ്ടു് നീലാകാശത്തിൽ ഇന്ത്യൻ വ്യോമസേനാവിമാനങ്ങൾ സദാസമയവും രംഗനിരീക്ഷണം നടത്തുന്നു. വിമാനത്താവളത്തിൽ, ചിറകു വിരിച്ചുയരാൻ വെമ്പുന്ന ഒട്ടധികം ഐ. ഏ. എഫ്. വിമാനങ്ങൾ. അവയുടെ സമീപത്തായി വൻപിച്ച യു. എൻ. വിമാനങ്ങളും ഉണ്ടു്. നഗരവീഥികളിൽ മിലിട്ടറി ട്രക്കുകളുടെ ഘോഷയാത്ര. പടർന്നു പന്തലിച്ച ചിനാർ മരങ്ങൾ പട്ടാളക്കാരുടെ കൂടാരങ്ങൾ അടിച്ചിരിക്കുന്ന മൈതാനങ്ങൾക്കു ചുററും കാവൽ നിൽക്കുകയാണു്. റോഡിൻെറ ഇരുവശങ്ങളിലും അണിതെററാതെ നിരന്നു നിൽക്കുന്ന പോപ്ലാർ മരങ്ങൾ. ശ്രീനഗർ വിമാനത്താവളത്തിലും അവിടെനിന്നും നഗരഹൃദയത്തിലേക്കുള്ള യാത്രയിലും കണ്ട കാഴ്ചകളാണിവ. ഇവയെല്ലാം കാണുമ്പോൾ സഞ്ചാരികൾക്കു് ഒരു സമരപ്രതീതിയാണനുഭവപ്പെടുന്നതു്. പക്ഷെ പ്രകൃതി കലവറ കൂടാതെ അനുഗ്രഹിച്ചിട്ടുള്ള കാശ്‌മീർ താഴ്‌വരയിൽ സുന്ദരവും സമാധാനനിർഭരവുമായ ഒരു ജീവിതമാണു് നിലവിലുള്ളതു്.

കാശ്‌മീർ താഴ്‌വരയുടെ മദ്ധ്യഭാഗത്തായിട്ടാണു് സുന്ദരമായ ശ്രീനഗർ നഗരം. നഗരശരീരത്തിലെ രക്തധമനിയെന്ന നിലയിൽ ഒഴുകുന്ന ഝലം നദിയിലും അതിൻെറ ഇരു കരകളിലും ശാഖകളിലും നിലകൊള്ളുന്ന



ഷാലിമാർ പൂന്തോട്ടം

ശ്രീനഗർ കാശ്മീരിന്റെ വേനൽക്കാല തലസ്ഥാനമാണ്. നഗരത്തിലെ ഝലം നദിയിൽ ഒൻപതു പാലങ്ങളുള്ളതിനാൽ നദി നഗരത്തിന്റെ ജീവിതസഖി തന്നെയാണ്. വിരിച്ചൊരുക്കിയ മൂന്നുനാലു ഷിക്കാറകളിൽ കയറി നഗരത്തെ രണ്ടായി തിരിക്കുന്ന ഝലം നദിയിലെ ഒൻപതു പാലങ്ങളുടെ കീഴിൽ കൂടി ഞങ്ങൾ ഒരുല്ലാസയാത്ര നടത്തി. നദിയുടെ ഇരു കരകളിലും തീരത്തോടു തൊട്ടു് ഉയർന്നു നിൽക്കുന്ന വീടുകളിൽ ശതക്കണക്കിനാളുകൾ താമസിക്കുന്നുണ്ടു്. ഇവരെല്ലാം ഈ നദിയിൽ കുളിക്കുകയും വസ്ത്രങ്ങൾ കഴുകുകയും ഈ വെള്ളം തന്നെ കുടിക്കുകയും ചെയ്യുന്നതു കാണാൻ കഴിഞ്ഞു. ഝലം നദിയില്ലെങ്കിൽ ശ്രീനഗറുമില്ലെന്നു പറയുന്നതിൽ തെറ്റില്ല.

ശ്രീനഗറിലെ ഏറ്റവും ഉയരംകൂടിയ (ആയിരം അടി) ശങ്കരാചാര്യ കുന്നിൽ കയറിനിന്നു നോക്കിയാൽ വൈവിദ്ധ്യമാർന്ന നഗരത്തിന്റെ സുന്ദരരൂപം കാണുവാൻ കഴിയും. ഈ കുന്നിൻപുറത്തുള്ള ശിവക്ഷേത്രം ബുദ്ധമതത്തിന്റെ പിടിയിലമർന്നു പോയ ഹിന്ദുമതത്തിന്റെ നവോത്ഥാനത്തിനു വേണ്ടി കാശ്മീർ വരെ സഞ്ചരിച്ച ശ്രീ ശങ്കരന്റെ സ്മരണയെ നിതരാം വിളിച്ചറിയിക്കുന്നു. അശോക ചക്രവർത്തിയുടെ ഒരു പുത്രനായിരുന്ന ജാലൂക ബി. സി. 200-ാമാണ്ടിനോടടുത്തു് നിർമ്മിച്ച ബുദ്ധക്ഷേത്രമിരുന്ന സ്ഥാനത്താണു് എ. ഡി. ആറാം നൂറ്റാണ്ടിൽ ഇന്നത്തെ ശിവക്ഷേത്രം പണികഴിച്ചതു്. ഈ കുന്നിന്റെ അടിവാരത്തിലെ ഡാൽ തടാകത്തിന്റെ മറുകരയിലായി നിലകൊള്ളുന്ന ഹരിപർവ്വതം എന്ന കുന്നിലും ഒരു ക്ഷേത്രം ഉണ്ടു്. ഈ രണ്ടു കുന്നുകളുടെയും ഇടയിലായി ഡാൽ-നാഗിൻ തടാകങ്ങളാലും മലകളുടെ അടിവാരങ്ങളിൽ സ്ഥിതി ചെയ്യുന്ന മലർവാടികളാലും പരിസേവിതമായ ഈ നഗരത്തിനു ശ്രീനഗർ എന്ന പേരു് തികച്ചും അന്വർത്ഥമാണു്. അനുപമസുന്ദരമായ കുസുമ ശയ്യയെന്നും അനശ്വരമായ അരുവികളുടെ നന്ദനോദ്യാനമെന്നും ജിഹാംഗിർ വിശേഷിപ്പിച്ചതും തടാകങ്ങളും തരംഗിണികളും താഴ്വരകളും തരുക്കളും കൊണ്ടു നിറഞ്ഞതുമാ

യ കാശ്മീർ, കാലത്തിന്റെ കടുംകൈകളെ അതിജീവിച്ച് യൗവ്വനത്തിന്റെ മാദകത്വം നിലനിറുത്തിയിരിക്കുന്നുവെന്നു ശ്രീനഗർ മാത്രം സന്ദർശിക്കുന്ന ഒരാൾക്കുപോലും പെട്ടെന്നു ബോദ്ധ്യമാകും. ശ്രീനഗറും പരിസരപ്രദേശങ്ങളും ശരിയായി കാണുന്നതിന്നു് ഒരാഴ്ച വേണ്ടിവരും.

സാഗരനിരപ്പിൽനിന്നും 5200 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നതും 11 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ളതുമായ ശ്രീനഗറിന്റെ ഭൂരിഭാഗവും ഡാൽ-നാഗിൻ തടാകങ്ങളും മുഗൾപൂന്തോട്ടങ്ങളും ഝലംനദിയും അപഹരിച്ചിരിക്കയാണു്. ജമ്മുവിന്റേയും ലഡാക്കിന്റേയും മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നസുഖവാസകേന്ദ്രമായ കാശ്മീർതാഴ്വരയിൽ വേനൽക്കാലങ്ങളിൽ മുഗൾ ചക്രവർത്തിമാർ പരിവാരസമേതം എത്തുക പതിവായിരുന്നു. അവരുടെ സുഖജീവിതത്തിന്റെ പ്രതീകങ്ങളാണു് മുഗൾ പൂന്തോട്ടങ്ങൾ.

ഹൗസ്ബോട്ടിൽ വച്ചുള്ള പ്രഥമ ലഘുഭക്ഷണാനന്തരം ഞങ്ങൾ മുഗൾ ഉദ്യാനങ്ങളിലേക്കാണു് പോയതു്. നിത്യനൂതനങ്ങളായ പുഷ്പസഞ്ചയങ്ങളാലും അരുവികളാലും സമലംകൃതമാണു് ചഷ്മഷാഹി, നിഷാത്, ഷാലിമാർ നാസിം, അച്ചാബാൽ എന്നീ ഭുവനപ്രസിദ്ധങ്ങളായ പൂന്തോട്ടങ്ങൾ. കുന്നുകളുടെ അടിവാരങ്ങളിൽ സുന്ദരമായി സംവിധാനം ചെയ്തിട്ടുള്ള ഈ ഉദ്യാനങ്ങളെല്ലാം ഒരേ മാതൃകയിലാണു് നിർമ്മിച്ചിട്ടുള്ളതു്. ഓരോ പൂന്തോട്ടത്തേയും രണ്ടായി തിരിച്ചുകൊണ്ടു് അതിന്റെ മദ്ധ്യത്തിലൂടെ ഓരോ അരുവി ഒഴുകുന്നുണ്ടു്. ഇന്ത്യയിലെ മിക്ക മുഗൾ ഉദ്യാനങ്ങളുടെയും മാതൃക ഇതു തന്നെയാണു്. പിഞ്ചോറിലെ (പഞ്ചാബ്) മുഗൾ ഉദ്യാനം കാശ്മീറിലെ ഉദ്യാനങ്ങൾ പോലെ സുന്ദരമല്ലെങ്കിലും അവിടെയും ഇതു തന്നെയാണു് മാതൃക.

ഈ നീരുറവകൾ ചെടികൾക്കും മനുഷ്യർക്കും ഒരുപോലെ ചൈതന്യം നൽകുന്നു. ഈ അരുവികളിലെ ഐ



ഡാൽ തടാകതീരത്തെ കുന്നുകളും അവയുടെ ചരിവിലുള്ള റോഡും

സുപോലെ തണുത്ത വെള്ളം ഔഷധഗുണമുള്ളതാകയാൽ ഒരു ഗ്ലാസ്സ് വെള്ളമെങ്കിലും കുടിക്കാതെ ഒരു സഞ്ചാരിയും തിരിച്ചു പോകയില്ല. ഡാൽ തടാകത്തിനെതിർവശത്തായി നിർമ്മിച്ചിരിക്കുന്ന ചഷ്മഷാഹി പൂന്തോട്ടത്തിലെ (രാജകീയ അരുവി) ജലത്തിനാണു് ഏററവും കൂടുതൽ ഔഷധഗുണം. ഞങ്ങളെല്ലാവരും ഓരോ ഗ്ലാസ്സ് ജലം അകത്താക്കി. ഈ പൂന്തോട്ടം ഷാജഹാൻ ചക്രവർത്തിയാണു് നിർമ്മിച്ചതു്. ശ്രീനഗറിൽനിന്നു് അഞ്ചു മൈൽ അകലെ സ്ഥിതി ചെയ്യുന്ന ഈ ഉദ്യാനത്തിൽ നിന്നു നോക്കിയാൽ ഡാൽ തടാകത്തിൻെറയും പരിസരപ്രദേശങ്ങളുടെയും അതിസുന്ദരമായ ഒരു ദൃശ്യം കാണാൻ കഴിയും.


ചഷ്മഷാഹിയിൽനിന്നും രണ്ടരമൈലകലെയുള്ളതും ഉല്ലാസങ്ങളുടെ ഉദ്യാനമെന്ന മറുപേരുള്ളതുമായ നിഷാത് പൂന്തോട്ടം പത്തു തട്ടുകളിലായിട്ടാണു് സംവിധാനം ചെയ്തിരിക്കുന്നതു്. നൂർജഹാൻെറ സഹോദരനും ഉദ്യാനപ്രിയനുമായിരുന്ന അസഫ്ജായാണു് ഈ നിഷാത് നിർമ്മിച്ചതു്. മഞ്ഞണിഞ്ഞ പിർപൻജാൽ റേഞ്ചുകളുടെ നിഴൽ ബാലാനിലൻെറ മലർവാടിയായ ഈ ഉദ്യാനത്തിലെ റോസാപ്പുഷ്പങ്ങളുടെയും ലില്ലിപ്പുഷ്പങ്ങളുടെയും മേൽ വീഴുന്നതുപോലെ തോന്നും. ശ്രീനഗറിലെ ഉദ്യാനങ്ങളുടെ റാണിയാണിതു്.

നിഷാതിൽ നിന്നു് രണ്ടു മൈലകലെയായി സ്നേഹത്തിൻെറ ഇരിപ്പിടം എന്നു മറുപേരുള്ള ഷാലിമാർ നിലകൊള്ളുന്നു. ജിഹാംഗിർ ചക്രവർത്തി നിർമ്മിച്ച ഏററവും പ്രസിദ്ധമായ മുഗൾ ഉദ്യാനമിതാണു്. പ്രഭാത സൂര്യൻെറ പ്രഭാപ്രളയത്തിലും ചന്ദ്രികച്ചാറിലും ജിഹാംഗിറും നൂർജഹാനും തങ്ങളുടെ ഉല്ലാസജീവിത നൗക തുഴഞ്ഞതു് ഈ ഉദ്യാനത്തിൽ വച്ചാണു്. അവിടത്തെ റോസാപുഷ്പങ്ങൾക്കു് നിങ്ങളോടു് ആയിരമായിരം കഥകൾ പറയാനുണ്ടാവും. അവിടത്തെ വൻപിച്ച ചിനാർ മരങ്ങൾ അവയ്ക്കെല്ലാം ഒരുപക്ഷെ സാക്ഷിയാണു്. അക്ബർ ചക്രവർത്തി സ്ഥാപിച്ച നസിംപൂന്തോട്ടം (പ്രഭാത

സമീരണൻെറ ഉദ്യാനം) നിഷാതിൻെറ എതിർവശത്തായി നിലകൊള്ളുന്നു.

ശ്രീനഗറിൽ നിന്നു 27 മൈൽ തെക്കു കിഴക്കായി സ്ഥിതിചെയ്യുന്നതും ഏററവും ശക്തിയേറിയ അരുവി ഒഴുകുന്നതുമായ അച്ഛാബാൽ പൂന്തോട്ടം ജിഹാംഗിർ നിൎമ്മിച്ചതാണു്. ചിനാർ മരങ്ങളുടെ ഒരു മലർക്കാവാണിതെന്നു പറയാം. ഒരു ട്രൗട്ട് മത്സ്യം വളർത്തുകേന്ദ്രം ഇതിനടുത്തുണ്ടു്.

ഈ പൂന്തോട്ടങ്ങൾ നിത്യവും സന്ദർശിക്കുന്നതും അവിടത്തെ വൻപിച്ച ചിനാർ മരങ്ങളുടെ ശീതളച്ഛായകളിൽ ഇരുന്നു ഭക്ഷണം കഴിക്കുന്നതും അവിടെ കിടന്നുറങ്ങുന്നതും സമയത്തെപ്പററി ഒരു വിചാരവുമില്ലാതെ വിശ്രമിക്കുന്നതുമെല്ലാം ശ്രീനഗർ ജനതയ്ക്കും സഞ്ചാരികൾക്കും വളരെ ഇഷ്ടമുള്ള കാര്യങ്ങളാണു്.



ഒരു ഒന്നാംകിട ഹൗസ്ബോട്ട്

# IV

# ഹൗസ് ബോട്ടിൽ അഞ്ചുദിവസം

കാശ്മീർ സന്ദർശനത്തിന്റെ പ്രത്യേകതകളെപ്പററി ഓർക്കുമ്പോൾ ആദ്യമായി മനസ്സിൽ ഓടി എത്തുന്നതു് നൗക ഗൃഹജീവിതമാണു്. അത്യന്തം ആനന്ദസന്ദായകവും അനുപമസുന്ദരവുമായ ഒരനുഭവമാണു് ഹൗസ് ബോട്ടിലെ ജീവിതം. ശ്രീനഗറിന്റെ തിലകക്കുറിയായി പരിലസിക്കുന്ന ഡാൽ തടാകത്തിലാണു് ഹൗസ്ബോട്ടെങ്കിൽ ആ ജീവിതത്തിന്റെ മധുരിമ ഒന്നു വേറെയാണു്. കാരണം ഡാൽ തടാകത്തിന്റെ ചുററുമുള്ള പ്രകൃതി ദൃശ്യം ഇന്ത്യയിൽ മറെറാരു സ്ഥലത്തും കാണാൻ സാധ്യമല്ല. അഞ്ചു മൈൽ നീളവും രണ്ടു മൈൽ വീതിയുമുള്ളതും ഉറവകളാൽ പരിപോഷിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്നതുമായ ഈ ഡാൽതടാകമാണു് ശ്രീനഗറിലെ ബ്യൂട്ടിസ്പോട്ട്. ശ്രീ ശങ്കരാചാര്യക്ഷേത്രം സ്ഥിതിചെയ്യുന്ന ഉയർന്ന മലയുടെയും തടാകത്തിന്റെയും ഇടയിലൂടെ കടന്നുപോകുന്ന റോഡ് ഒരു രജതരേഖപോലെ ശോഭിക്കുന്നു. മലകളുടെ പശ്ചാത്തലമില്ലാത്ത എറണാകുളത്തെ ഷൺമുഖം റോഡിനോടോ ബോംബെയിലെ മറൈൻ ഡ്രൈവിനോടൊ ഡാൽ തടാക തീരത്തെ റോഡിനെ ഉപമിക്കാം.

റോഡിൽനിന്നും തടാകത്തിലേക്കു കൽപടവുകൾ കെട്ടിയിട്ടുണ്ടു്. അവിടെ നിന്നുമാണു് സഞ്ചാരികളെ ഷിക്കാറ എന്ന പേരിൽ അറിയപ്പെടുന്ന അടിപരന്ന ചെറുതരം വിരിച്ചൊരുക്കിയ തോണികളിൽ കയററി അവര

വർ താമസിക്കുന്ന ഹൗസ് ബോട്ടുകളിൽ കൊണ്ടാക്കുന്നതു്. ഓരോ ഹൗസ് ബോട്ടിനും ഒന്നിലധികം ഷിക്കാറകൾ ഉണ്ടായിരിക്കും. കരയിൽ നിന്നും ഒന്നോ അരയോ ഫർലോംഗ് ദൂരത്തിൽ കിടക്കുന്ന ഹൗസ് ബോട്ടിലേക്കു കടത്തിവിടുന്നതിന് ഷിക്കാറയ്ക്കു് ഒരു രൂപയാണു് കൂലി.

ഞങ്ങൾ അഞ്ചുദിവസം താമസിച്ച സ്വാൻ ബോട്ട് സാമാന്യം വലുതാണു്. വാടക, വലിപ്പം, സുഖസൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഹൗസ്ബോട്ടുകളെ മൂന്നായി തരംതിരിച്ചിട്ടുണ്ടു്. സ്വാൻ ഏ ക്ലാസ്സിൽ പെട്ടതായിരുന്നതിനാൽ അതിനു പ്രതിദിനം നൂറു രൂപയായിരുന്നു വാടക. പ്രത്യേകം പ്രത്യേകം ബാത്ത്റൂം ഉള്ള മൂന്നു വലിയ കിടപ്പുമുറികളും കാശ്മീരി കാർപ്പററുകൾ കൊണ്ടും മററും വിരിച്ചൊരുക്കിയിട്ടുള്ള ഒരു ഡ്രോയിംഗ്റൂമും ഒരു ഭക്ഷണമുറിയും സ്വാനിൽ ഉണ്ടായിരുന്നു. എഴുപതടി നീളവും 14 അടി വീതിയും ഉള്ള സ്വാൻ നിർമ്മിച്ചതിനു് ഒരു ലക്ഷത്തോളം രൂപ ചെലവായെന്നാണു് അതിൻെറ ഉടമസ്ഥൻ പറഞ്ഞതു്. ഫ്ളഷ് ക്ലോസുകളും ചൂടുവെള്ളവും തണുത്ത വെള്ളവും ഇഷ്ടാനുസരണം നൽകുന്ന പൈപ്പുകളും മററു് എല്ലാ ആധുനിക ജീവിതസൗകര്യങ്ങളും സ്വാനിൽ ഉണ്ടായിരുന്നു. അതിലെ വിനയശീലരായ ജീവനക്കാരുടെ പെരുമാററം ആരും ഇഷ്ടപ്പെടുന്ന തരത്തിലാണു്. ഞങ്ങളെ പ്രഭുകുമാരന്മാരെപ്പോലെ കരുതി അവർ രുചികരങ്ങളായ ഭക്ഷണം പാകം ചെയ്തു തന്നു.

ലില്ലിപ്പുഷ്പങ്ങൾ കൊണ്ടും താമരപ്പൂക്കൾ കൊണ്ടും പ്രകൃതി വിരിച്ചൊരുക്കിയിരിക്കുന്ന ഈ ജലശയ്യയിലെ താമസം, ആധുനിക വ്യാവസായിക ജീവിതത്തിൻെറ ആഘാതമേററു കഴിയുന്ന ഏതു വ്യക്തിക്കും ഹൃദ്യമായിരിക്കും. പ്രശ്നങ്ങൾ ഒന്നും അറിയാതെ അവിടെ കഴിച്ചുകൂട്ടിയ സമയം ജീവിതത്തിലെ ഏററവും അവിസ്മരണീയമായ മണിക്കൂറുകളായിട്ടാണവശേഷിക്കുന്നതു്. നൗകാഗൃഹത്തിൻെറ ഡക്കിൽ കയറി അലസമായി കിടക്കുന്നതും ചുററുമുള്ള പ്രകൃതിദൃശ്യങ്ങൾ കാണുന്നതും എല്ലാം ആന

ന്ദരമാണു്. കുളിർമയുള്ള സുഗന്ധവാഹിയായ മന്ദാനിലൻ ഏററു് കണ്ണുകളിൽ ഉറക്കവും തത്തിക്കളിച്ചേക്കും.


എന്തെങ്കിലും സാധനങ്ങൾ വാങ്ങണമെങ്കിൽ നാം നൗക ഗൃഹത്തിൽ നിന്നും പുറത്തുപോകേണ്ടതില്ല. സഞ്ചരിക്കുന്ന വിപണികൾ —സാധനങ്ങൾ നിറച്ച ചെറു വള്ളങ്ങൾ—നൗകഗൃഹത്തോട്ടു് തൊട്ടടുത്തു് വരികയും നമുക്കു് അവരിൽനിന്നും ആവശ്യമുള്ള സാധനങ്ങൾ വാങ്ങുകയും ചെയ്യാം. പക്ഷെ വില അല്പം കൂടിയെന്നിരിക്കും. നമുക്കൊന്നും ആവശ്യമില്ലെങ്കിലും സഞ്ചരിക്കുന്ന വിപണി നമ്മുടെ ഹൗസ്ബോട്ടിനടുത്തുകൂടെയും കടന്നുപോകും.

ശ്രീനഗറിൽ ഇപ്പോൾ രണ്ടായിരത്തിലധികം ഹൗസ്ബോട്ടുകളുണ്ടു്. ഝലം നദിയിലെ നൗകഗൃഹത്തിൽ താമസിക്കുകയാണെങ്കിൽ നിങ്ങൾക്കു് നദിയിൽ ഇഷ്ടമുള്ള സ്ഥലത്തു്, സാധനങ്ങൾ ഒന്നും അടുക്കിപ്പെറുക്കി വയ്ക്കാതെ മാറിത്താമസിക്കുന്നതിനും സാധിക്കും.

നൗകഗൃഹത്തിനു് അരശതാബ്ദക്കാലത്തെ പഴക്കമുണ്ടു്. ഇന്നു കാണുന്ന രീതിയിലുള്ള നൗകഗൃഹങ്ങൾ നിർമ്മിക്കുന്നതിനു മുമ്പു് ഡൂങ്ക എന്നറിയപ്പെടുന്ന സാമാന്യം വലുതും മേൽപുരയുള്ളതുമായ വള്ളങ്ങളിലായിരുന്നു സഞ്ചാരികൾ താമസിച്ചുകൊണ്ടിരുന്നതു്. കാരണം താമസസൗകര്യങ്ങൾ ശ്രീനഗറിൽ അന്നു വളരെ കുറവായിരുന്നു. യൂറോപ്യൻ സഞ്ചാരികൾ വരുന്നതിനു മുമ്പാണു് ഡൂങ്ക കൂടുതലായിഉപയോഗിച്ചിരുന്നതു്. യൂറോപ്യന്മാർ ധാരാളം വന്നു തുടങ്ങിയതോടുകൂടി സ്ഥലസൗകര്യം ഒരു പ്രശ്നമായിത്തീർന്നു. സ്ഥലം വാങ്ങുന്നതിനും സ്വന്തമായി കെട്ടിടം വയ്ക്കുന്നതിനും അന്നത്തെ കാശ്മീരിലെ മഹാരാജാവു് അവരെ അനുവദിച്ചിരുന്നില്ല. അതിനെ തുടർന്നാണു് ഇന്നു കാണുന്ന വിധത്തിലുള്ള നൗക ഗൃഹങ്ങൾക്കു രൂപം നൽകപ്പെട്ടതു്.

1918—ൽ മാർട്ടിൻ കെനാർഡ് എന്ന ഇംഗ്ലീഷുകാരൻ ഡാൽ തടാക തീരത്തുവച്ച് ഒരു ഹൗസ്ബോട്ട് നിർമ്മിച്ച് തടാകത്തിൽ ഇറക്കി. വിക്ടറി എന്ന പേരിൽ രണ്ടു നിലയിൽ നിർമ്മിച്ച ഈ ഹൗസ്ബോട്ട് ഇന്നും രാജ്ബാഗിൽ കാണാൻ കഴിയും. ആദ്യകാലത്തെ ഏറ്റവും മികച്ച നൗക ഗൃഹങ്ങളെല്ലാം ബ്രിട്ടീഷുകാരുടേതായിരുന്നു. ബ്രിട്ടീഷുകാർ കുടുംബസഹിതം വേനൽക്കാലം വെള്ളത്തിൽ ചെലവഴിക്കുമ്പോൾ ഇന്ത്യൻ സഞ്ചാരികൾ കരയിൽ തന്നെ കഴിയുകയായിരുന്നു അന്നത്തെ പതിവ്. മാർട്ടിൻ കെനാർഡ് നിർമ്മിച്ച മാതൃകയിൽ നിന്നും വലിയ പരിഷ്ക്കാരമൊന്നും ഇന്നത്തെ ഹൗസ്ബോട്ടുകൾക്ക് വന്നിട്ടില്ല. ബോട്ടിന്റെ ഭാഗങ്ങളെക്കാൾ കൂടുതൽ ഒരു വീടിന്റെ ഭാഗങ്ങളാണ് ഹൗസ്ബോട്ടിൽ കാണാൻ കഴിഞ്ഞത്.

അനേകശതം കുടുംബങ്ങൾ ഹൗസ് ബോട്ടുകൊണ്ട് ജീവിച്ചു വരുന്നുണ്ട്. ടൂറിസ്റ്റുകളുടെ എണ്ണം കൂടുന്തോറും അവരുടെ ഭാഗ്യനക്ഷത്രവും ഉയർന്നു പ്രകാശിക്കും. ടൂറിസ്റ്റുകൾ കുറഞ്ഞാൽ അവർ വെള്ളത്തിലായതു തന്നെ.



പഹൽഹാം

# V


# ഇമ്പങ്ങളുടെ സ്വർഗ്ഗഭൂമിയിൽ

ശ്രീനഗറും പരിസരപ്രദേശങ്ങളും മാത്രം കണ്ടശേഷം കാശ്മീരിന്റെ പ്രകൃതിസൗന്ദര്യത്തെ വിലയിരുത്തുന്നതു് ഒരിക്കലും ശരിയായിരിക്കയില്ല. മഞ്ഞു പുതച്ചിരിക്കുന്ന മലകളും നെല്ലു വിളഞ്ഞുകിടക്കുന്ന വയലുകളും ഹിമാനികൾ ഉറഞ്ഞു കിടക്കുന്ന മലയിടുക്കുകളും സൂര്യരശ്മികളുടെ ചായ്‌വനുസരിച്ചു് മഴവില്ലിന്റെ വർണ്ണഭംഗി സ്വീകരിക്കുന്ന മലമുകളിലെ ജലാശയങ്ങളും പ്രകൃതി സ്വന്തം കരവിരുതുകൊണ്ടു് പരവതാനി പോലെ വിരിച്ചൊരുക്കിയിരിക്കുന്ന കുസുമശയ്യകളും നിറപ്പകിട്ടുള്ള പക്ഷിവൃന്ദങ്ങളുടെ സ്വർഗ്ഗീയ ഗാനസുധകളും ധൂമപങ്കിലമല്ലാത്ത നീലാകാശവിതാനങ്ങളുമുള്ള പഹൽഗാമും ഗുൽമാർഗ്ഗും അലൗകികമായ അനുഭൂതി വിശേഷങ്ങളരുളുന്ന ഇമ്പങ്ങളുടെ പറുദീസകൾ തന്നെയാണു്. മനം കവരുന്ന പ്രകൃതിസൗന്ദര്യത്തിന്റെ നിറകുടങ്ങളായ ഈ സുഖവാസകേന്ദ്രങ്ങൾ കാണാതെ മടങ്ങുന്ന സഞ്ചാരികളുടെ, കാശ്മീരിലെ ഉല്ലാസയാത്ര തികച്ചും അപൂർണ്ണമായിരിക്കും. ഈ രണ്ടു സ്ഥലങ്ങളിൽ ഏതാണു് കൂടുതൽ മനോഹരം എന്നു ചോദിച്ചാൽ രണ്ടും അനുപമസുന്ദരമെന്നല്ലാതെ മറ്റൊരുത്തരം പറയാൻ സാദ്ധ്യമല്ല.

ശ്രീനഗറിൽ നിന്നും താഴ്‌വരകളിലെ നെൽവയലുകളെ രണ്ടായി പകുത്തു് ഒരു രജതരേഖപോലെ കിടക്കുന്ന രാജവീഥിയിൽ കൂടി 60 മൈൽ സഞ്ചരിച്ചാൽ ലി

ഡർ താഴ്‌വരയുടെ തിലകക്കുറിയായി പരിലസിക്കുന്ന പഹൽഗാമിൽ എത്തിച്ചേരാം. കാശ്മീർ താഴ്‌വരയുടെ വടക്കുകിഴക്കെ മൂലയ്ക്കാണ് ലിഡർ വാലി സ്ഥിതിചെയ്യുന്നതു്. ശാന്തസുന്ദരമായ അന്തരീക്ഷം. മനോഹരമായ ഭൂപ്രകൃതി. പൈൻമരങ്ങൾ നിറഞ്ഞ വനങ്ങൾ താഴ്‌വരയുടെ അതിരുകൾക്ക് അലുക്കിട്ടു നിൽക്കുന്നു. താഴ്‌വരകളിലെല്ലാം വൻപിച്ച ചിനാർമരങ്ങളും മൽബറി, പോപ്ലാർ, വില്ലോ തുടങ്ങിയ വൃക്ഷങ്ങളും തഴച്ചുവളരുന്നു. വാൽനട്ട്-ആപ്പിൾമരങ്ങളുടെ കൊമ്പുകൾ ഫലഭാരത്താൽ കുനിഞ്ഞു നിൽക്കുന്ന കാഴ്ച ഹൃദയഹാരിയാണ്. പഹൽഗാമിലേയ്ക്കുള്ള യാത്ര ചരിത്രപ്രസിദ്ധങ്ങളായ പാംപൂർ, അവന്തിപ്പൂർ, കോഗർനാഗ്, അച്ചാബാൾ, ആനന്റാംഗ്, മട്ടൻ എന്നീ സ്ഥലങ്ങളിലൂടെയാണ്. ശ്രീനഗറിൽ നിന്നും എട്ടുമൈൽ അകലെയായി ഝലംനദിയുടെ വലതുകരയിൽ സ്ഥിതി ചെയ്യുന്ന പാംപൂർ കുങ്കുമപ്പൂക്കൾക്കു പ്രസിദ്ധമാണ്. ശരൽക്കാലമാകുന്നതോടുകൂടി ഈ സ്ഥലം കുങ്കുമകുസുമശയ്യയായി മാറും.

പാംപൂരിൽനിന്നും പത്തുമൈൽ അകലെ സ്ഥിതി ചെയ്യുന്ന പുരാതന നഗരമായ അവന്തിപ്പൂർ എ ഡി 855 മുതൽ 883 വരെ കാശ്മീർ ഭരിച്ച അവന്തിവർമ്മൻ നിർമ്മിച്ചതാണ്. ശിവൻെറയും വിഷ്ണുവിൻെറയും പേരിൽ പ്രതിഷ്ഠിച്ചിട്ടുള്ള രണ്ടു ക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങൾ ഇവിടെ തല ഉയർത്തി നിൽക്കുന്നു. ഒരു മണിക്കൂർ സമയത്തെ യാത്രയ്ക്കുശേഷം ഞങ്ങൾ കോഗർനാഗ് പാർക്കിൽ എത്തി. പച്ചവിരിച്ച കുന്നുകളുടെ മടിത്തട്ടിൽ ശയിക്കുന്ന ഈ പാർക്ക് കണ്ണിനും കരളിനും കുളർമ നൽകി. പാർക്കിനരികിൽകൂടി നല്ല ഒഴുക്കുള്ള ഒരരുവി ഒഴുകുന്നുണ്ടു്. ഒരു മലഞ്ചെരിവിൽ നിന്നും കുതിച്ചുവരുന്ന ഈ അരുവിയുടെ പ്രഭവസ്ഥാനം ഞങ്ങൾ കണ്ടു. ഓരോ ഗ്ലാസ്സ് തണുത്ത ശുദ്ധജലവും ഞങ്ങൾ അകത്താക്കി. ടൂറിസ്റ്റുകൾക്കു താമസിക്കുന്നതിനുള്ള കൂടാരങ്ങൾ ഇവിടെ സജ്ജീകരിച്ചിട്ടുണ്ടു്. അല്പസമയത്തിനുള്ളിൽ ഞങ്ങളുടെ മുമ്പിൽ ചായ നിരന്നു. വൃത്താകൃതിയിൽ ഒരു വാൽനട്ട് മരത്തിൻെറ തണലിൽ കസേര ഇട്ടിരുന്ന ഞ



അവന്തിപ്പുരിന്റെ അവശിഷ്ടങ്ങൾ

ങ്ങൾക്കു് അപ്പോൾ പറിച്ചെടുത്ത വാൾനട്ട പരിപ്പും നല്ല പ്പെട്ടു. ഈ പരിപ്പിനു് പച്ചക്കശുവണ്ടിപ്പരിപ്പിൻെറ രുചിയാണു തോന്നിയതു്. അര മണിക്കൂർ വിശ്രമത്തിനു ശേഷം ഞങ്ങൾ യാത്ര തുടർന്നു. വിളഞ്ഞു കുനിഞ്ഞു കിടക്കുന്ന നോക്കെത്താത്ത നെൽവയല്യകളും അവയോടു തൊട്ടു രണ്ടു വശത്തും നിലകൊള്ളുന്ന മലകളും അരുവികളും തരുനിരകളും കണ്ടുകൊണ്ടു് ജീപ്പിൽ സഞ്ചരിച്ച ഞങ്ങൾ രണ്ടര മണിക്കൂർ പോയതറിഞ്ഞതേയില്ല. മലയോരങ്ങളിലെ മന്ദസമീരണനേററാൽ 60 മൈൽ യാത്ര ശ്രമകരമായ ഒരനുഭവമായിത്തോന്നുകയുമില്ല.

ശിവഭൂമിയെന്ന അപരാഭിധാനമുള്ള ഒരു പ്രദേശമാണു് പഹൽഗാം. ഏതെങ്കിലും ഒരു ദേവൻെറയോ ദേവിയുടെയോ പേരുമായി ബന്ധപ്പെടാത്ത ഒരു മലയോ ജലാശയമോ മൈതാനമോ പഹൽഗാമിൽ കാണാൻ സാദ്ധ്യമല്ല. പുരാതനകാലത്തു് ഭൃഗു മഹർഷിയുടെ ആശ്രമം ഇവിടെയായിരുന്നുവത്രെ. ഇവിടെയുള്ള ഒരരുവി ഇന്നും പരിപാവനമായി പരിഗണിക്കപ്പെട്ടു വരുന്നു. അമർനാഥ് ഗുഹയിലേക്കുള്ള തീർത്ഥാടകരുടെ പ്രധാന താവളമാണു് പഹൽഗാം. അമർനാഥ് ഇവിടെനിന്നും 28 മൈൽ അകലെയാണു്. കാലക്രമത്തിൽ ജനങ്ങൾ ആട്ടമേയിക്കുന്നതിനുസ്ഥലങ്ങൾ തേടി ഇവിടെ എത്തുകയും ആട്ടിടയന്മാർമൈതാനങ്ങൾ വിതിച്ചെടുക്കുകയും ചെയ്തു. അതുകൊണ്ടാണു് ആട്ടിടയന്മാരുടെ ഗ്രാമമെന്നർത്ഥമുള്ള പഹൽഗാം എന്ന പേരു് ഈ രമ്യഭൂവിഭാഗത്തിനു ലഭിച്ചതു്.

അടുത്ത കാലത്താണു് ഈ സ്ഥലം ഭുവനപ്രസിദ്ധമായതു്. ചൂടിൽ നിന്നും വിയർപ്പിൽനിന്നും രക്ഷ നേടുന്നതിനും പർവ്വതസാനുക്കളിലെ ഹൃദ്യമായ മന്ദപവനൻ ആസ്വദിക്കുന്നതിനുമായി ഇവിടെ വേനൽക്കാലത്തു് ജനങ്ങൾ തടിച്ചുകൂടുന്നു. ഗവമ്മെൻറു് ഈ വസ്തുത മനസ്സിലാക്കി ഇവിടെ റവന്യൂ—പോലീസ്—പോസ്റ്റ് ആഫീസുകളും ഹെൽത്തു സെൻററും ഡിസ്പെൻസറിയും തുറന്നു പ്രവത്തിച്ചു വരുന്നുണ്ടു്. സന്ദർശകക്ക് എന്തു സാധനം വേണമെങ്കിലും അടുത്തുള്ള കടകളിൽ നിന്നും വാങ്ങാവുന്നതാണു്.

പൈൻമരങ്ങളുടെ തണലിൽ അമരുന്ന ബംഗ്ലാവുകളിലും ഹോട്ടലുകളിലും സഞ്ചാരികൾക്ക് സംതൃപ്തിയോടുകൂടി ദിവസങ്ങൾ ചെലവഴിക്കാൻ സാധിക്കും. ദൈവിക ചിന്തയോടുകൂടി ധ്യാനനിരതരായിരുന്ന് ആത്മസമാധാനം അന്വേഷിക്കുന്നവർക്കുവേണ്ടി ഒരുപള്ളിയും ഒരുമോസ്ക്കും ഒരു ക്ഷേത്രവും പഹൽഗാമിൽ ഉണ്ട്. കൊലഹോയി മലയുടെ ചുവട്ടിൽ നിന്നും ഉത്ഭവിച്ച് പൈൻ മരങ്ങളുടെ ഇടയിൽ കൂടി വെള്ളിച്ചാറുപോലെ തുള്ളിത്തുള്ളിത്തെറിച്ചൊഴുകുന്ന പഹൽഗാമിലെ നദി, "മനുഷ്യൻ വരികയും പോകുകയും ചെയ്യും. എന്നാൽ ഞാൻ എന്നും ഒഴുകിക്കൊണ്ടിരിക്കും"...എന്ന മധുരസംഗീതം കളകളാരവത്തോടുകൂടി ആലപിച്ചുകൊണ്ടിരിക്കുന്ന കാഴ്ച കാശ്മീരിൽ എന്നല്ല ഇന്ത്യയുടെ മറെറാരു ഭാഗത്തും ദൃശ്യമല്ല. നദിയുടെ വലതുകരയിലെ രാജവാസ് എന്ന സമതലമാണ് സഞ്ചാരികൾ ഏററവും അധികം ഇഷ്ടപ്പെടുന്ന താമസകേന്ദ്രം. ടൂറിസ്റ്റ്‌വകുപ്പിൻെറ അനുവാദം നേടിക്കഴിഞ്ഞാൽ ഒരു ബംഗ്ലാവ് വാടകയ്ക്കെടുത്തു താമസിക്കാൻ കഴിയും. ഓരോരുത്തരുടെയും പേഴ്സിൻെറ വലിപ്പവും അഭിരുചിയും അനുസരിച്ച് ഹോളിഡേ ചെലവഴിക്കുന്നതിനു പഹൽഗാമിൽ സൗകര്യങ്ങൾ സുലഭമാണ്.

പൈൻ വൃക്ഷഛായയിൽ ഇരുന്ന് എഴുതാൻ ആഗ്രഹിക്കുന്ന ഒരു സാഹിത്യകാരന് പർവ്വതസാനുക്കളെയും പുഷ്പങ്ങൾ നിറഞ്ഞ മൈതാനങ്ങളെയും തഴുകി ഒഴുകി വരുന്ന സുഗന്ധവാഹിയായ മന്ദാനിലൻ കുളർമയും പ്രതിഭയ്ക്കുത്തേജനവും നൽകുകതന്നെ ചെയ്യും. അനായാസേന എത്ര പേജുകൾ വേണമെങ്കിലും അയാൾക്ക് എഴുതിത്തള്ളാൻ സാധിക്കും, സംശയമില്ല. ഒരു ചിത്രകാരനാണെങ്കിൽ എത്ര എത്ര പ്രകൃതി ദൃശ്യങ്ങൾ, പൈൻമരക്കാവുകൾ, കൊടുമുടികൾ, പുരാതന ക്ഷേത്രങ്ങൾ, ഗ്രാമജീവിതം, കോലാട്ടിൻ പററങ്ങൾ എന്നിവ—നിഷ്പ്രയാസം തുലികകൊണ്ടു പകർത്താൻ കഴിയും. മനുഷ്യജീവിതത്തിലെ പിടികിട്ടാത്ത വശങ്ങളെപ്പററി ചിന്തിക്കുന്ന തത്വജ്ഞാനിയാണെങ്കിൽ ഏകാഗ്രമായ ചിന്തയ്ക്കുള്ള ചുററുപാടുകൾ ഉണ്ട്. പ്രകൃതി ശാസ്ത്രജ്ഞനു കാട്ടുപുഷ്പ

ങ്ങൾ, പക്ഷികൾ എന്നിവയെപ്പററി കൂലങ്കഷമായി പഠിച്ച പ്രബന്ധങ്ങൾ തയ്യാറാക്കാം. ആരോഗ്യം കുറഞ്ഞവെക്ക് അതു വീണ്ടെടുക്കുന്നതിനുള്ള സാഹചര്യങ്ങൾ സുലഭം. ബുദ്ധിപരവും കലാപരവുമായ രംഗങ്ങളിൽ പ്രവൎത്തിക്കുന്ന എല്ലാവക്കും എന്തെങ്കിലും പഠിക്കാനും മനസ്സിലാക്കാനും ഉള്ള വക പഹൽഗാമിൽ ഉണ്ട്.

പഹൽഗാം ക്ലബ്ബ് കാശ്മീർ ഗവമ്മെൻറു നടത്തുന്ന ഒരു ടൂറിസ്റ്റ് സ്ഥാപനമാണ്. ലിഡർ താഴ്വരയുടെ മമ്മസ്ഥാനത്തു ദേവന്മാർക്കുപോലും അസൂയ ജനിപ്പിക്കുന്ന അതിമനോഹരമായ ചുററുപാടിൽ സമാകർഷകമായ തരത്തിൽ സംവിധാനം ചെയ്യപ്പെട്ടിട്ടുള്ള ഈ ക്ലബ്ബിൽ ചെലവഴിച്ച നാലഞ്ചുമണിക്കൂറുകളും അപ്പോൾ ആററിൽനിന്നു പിടിച്ചെടുത്ത ട്രൗട്ട് മത്സ്യം വറത്തതുൾപ്പെടെയുള്ള അവിടത്തെ ലഞ്ച സൽക്കാരസമയവും അവിസ്മരണീയ നിമിഷങ്ങളായിട്ടവശേഷിക്കുകയാണ്. നിങ്ങൾക്കു മീൻപിടുത്തത്തിലും നായാട്ടിലും മലകയററത്തിലും റൈഡിംഗിലും ഇഷ്ടമുണ്ടെങ്കിൽ പഹൽഗാമിൽ തന്നെ താമസിക്കണം. ടൂറിസ്റ്റ്കൾക്കുവേണ്ടി അവിടെ ഒരു റിസപ്ഷൻ സെൻററും ഉണ്ട്. . ശ്രീനഗറിൽനിന്നു ബസ്സ്സർവ്വീസുള്ളതിനാൽ വലിയ ചെലവു കൂടാതെ നിങ്ങൾക്കു് പഹൽഗാമിൽ എത്തിച്ചേരാം.

## ഗുൽമാർഗ്ഗിൽ

ശ്രീനഗറിൽനിന്നു 28 മൈൽ അകലെ സാഗരനിരപ്പിൽനിന്നു് ഒൻപതിനായിരം അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഗുൽമാർഗ്ഗ് അഥവാ പുഷ്പങ്ങളുടെ സമതലപ്രദേശം ലോകത്തിലെ ഏററവും ഉയരംകൂടിയ ഗോൾഫംകളി കേന്ദ്രമാണ്. ശ്രീനഗറിൽ നിന്നു ബസ്സ്മാർഗ്ഗം മെററൽ ചെയ്ത റോഡിൽ കൂടി ഗുൽമാർഗ്ഗിനു നാലുമൈൽ അടുത്തുള്ള ടാംഗ്മാർഗ്ഗിൽ എത്തിച്ചേരാം. അവിടെനിന്നു കാൽനടയായോ കുതിരപ്പുറത്തോ

വേണം ഗുൽമാർഗ്ഗിലേയ്ക്കു മലമുകളിൽ കൂടി സഞ്ചരിക്കേണ്ടതു്. ടൂറിസ്റ്റ് വകുപ്പിന്റെ ജീപ്പിൽ യാത്ര ചെയ്തിരുന്ന ഞങ്ങൾ മലകളുടെ അരികു ചേർന്നു വളഞ്ഞു കിടക്കുന്നതും ഏഴു മൈൽ നീളമുള്ളതുമായ റോഡുമാർഗ്ഗമാണു് ഗുൽമാർഗ്ഗിൽ എത്തിയതു്. ടാംഗ്മാർഗ്ഗിൽ നിന്നു മറ്റു വാഹനങ്ങൾ ഒന്നും തന്നെ ഈ റോഡിൽകൂടി ഓട്ടുന്നതിനു് അനുവാദം ഇല്ല. ഒരു പക്ഷേ കുതിരക്കാർക്കും പോർട്ടർമാർക്കും ടൂറിസ്റ്റുകളുടെ കയ്യിൽ നിന്നു പണം കിട്ടുന്നതിനും റോഡ് നശിപ്പിക്കാതിരിക്കുന്നതിനും ആയിരിക്കാം ഇപ്രകാരം ഒരു നിരോധനം ഏർപ്പെടുത്തിയിരിക്കുന്നതു്.

കിഴക്കാംതൂക്കായി കിടക്കുന്ന മലകൾ ജീപ്പ് പിൻതള്ളുമ്പോൾ കാശ്മീർ താഴ്വരയുടെ വിശ്വരൂപത്തിനു പുറമേ 26,600 അടി ഉയരമുള്ള മഞ്ഞണിഞ്ഞ നംഗപ്രഭാത് കൊടുമുടിയും ഭംഗിയായി കാണുവാൻ സാധിക്കുന്നു. ടാംഗ്മാർഗ്ഗിൽ നിന്നു ഒരു മൈൽ സഞ്ചരിച്ചു കഴിയുമ്പോൾ ബാബറിഷി എന്ന മഹർഷിയുടെ സമാധിസ്ഥലം കാണാം. ഞങ്ങൾക്കവിടം ഒന്നു കാണണമെന്നുള്ള ആഗ്രഹം അറിയിച്ചപ്പോൾ ഞങ്ങളുടെ ജീപ്പിൽ ഉണ്ടായിരുന്ന പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ ശ്രീ ശർമ്മ ജീപ്പ് അങ്ങോട്ടു തിരിച്ചു വിടാൻ ഡ്രൈവറോടാവശ്യപ്പെട്ടു. മുസ്ലീം പുരോഹിതന്മാർ സദാനേരവും ഈ സമാധിയുടെ സമീപം ഇരുന്നു ഖുറാൻ പാരായണം നടത്തിവരുന്നു. ജാതിമത ഭേദമെന്യേ ആളുകൾ ഈ സമാധി സന്ദർശിച്ചു കാണിക്ക അർപ്പിക്കുന്നുണ്ടു്. ഞങ്ങളും സമാധിക്കു ചുററും ഒന്നു നടന്ന ശേഷം ചില നാണയങ്ങൾ ഭണ്ഡാരത്തിൽ നിക്ഷേപിച്ചു.

മഞ്ഞുപെയ്തുകൊണ്ടിരിക്കുന്നതെന്നു തോന്നുന്ന ഗുൽമാർഗ്ഗിൽ ഒന്നര മണിക്കൂർ കൊണ്ടു് ഞങ്ങളുടെ ജീപ്പ് എത്തിക്കഴിഞ്ഞു. വെള്ളക്കാരായ സഞ്ചാരികളാണെന്നു കരുതി കുതിരക്കാരും പോർട്ടർമാരും ഉത്സാഹത്തോടുകൂടി ജീപ്പുകളുടെ സമീപത്തേക്കു നീങ്ങുന്നുണ്ടായിരുന്നു. ഞങ്ങൾ പത്രപ്രവർത്തകരാണെന്നും അവിടം കാണാൻ വന്നതാണെന്നും ടൂറിസ്റ്റ് ഡയറക്ടർ കുതിരക്കാരോടു പറഞ്ഞപ്പോൾ അവരുടെ ഉത്സാഹം തണുത്തുപോയി.



ഗുൽമാർഗ്ഗ്—മഞ്ഞിൽ പുതഞ്ഞുകിടക്കുന്നതിന്റെ ഒരു വീക്ഷണം

മഞ്ഞുകാലമായ ഡിസംബറോട്ടുകൂടി പുഷ്പങ്ങളുടെ ഈ മൈതാനങ്ങളിൽ എട്ടും പത്തും അടി മഞ്ഞുവീണു കിടക്കുന്നുണ്ടാവും. അപ്പോഴാണു് വിൻറർ സ്പോർട്ട്സ് പ്രേമികൾ സ്കീയിംഗിനായി ഇവിടെ പ്രത്യക്ഷപ്പെടുന്നതു്.

ഇന്ത്യയിലെ ഏററവും മികച്ച വിൻറർ സ്പോർട്ട്സ് കേന്ദ്രമായി ഗുൽമാർഗ്ഗിനെ വളർത്തിയെടുക്കാൻ ലക്ഷക്കണക്കിനു രൂപ ചെലവഴിക്കുന്നതാണെന്നു കാശ്മീർ മുഖ്യമന്ത്രി ജി. എം. സാദിക്കു് ഞങ്ങൾക്കു നൽകിയ സൽക്കാരവേളയിൽ പറഞ്ഞ കാര്യം ടൂറിസ്റ്റ് ഡയറക്ടർ മിർ നസറുള്ള അനുസ്മരിപ്പിച്ചു.

ഗുൽമാർഗ്ഗിലെ ഏററവും ഉയർന്ന കുന്നിൻപുറത്തെത്തിയപ്പോൾ, ശരൽക്കാലമായിരുന്നു എങ്കിലും കമ്പിളി വസ്ത്രങ്ങളെ തുളച്ചുകൊണ്ടു് തണുപ്പു് ദേഹത്തു കുത്തുന്നുണ്ടായിരുന്നു. അവിടത്തെ കേന്ദ്രഗവമ്മെൻറു നിരീക്ഷണകേന്ദ്രത്തിൽ ജോലി ചെയ്തുകൊണ്ടു് 365 ദിവസവും മഞ്ഞിൽ ജീവിക്കുന്ന നല്ല ആരോഗ്യമുള്ള ഒരു വൃദ്ധൻെറ സാന്നിദ്ധ്യവും സംസാരവും ഞങ്ങൾക്കെല്ലാം അത്ഭുതം ഉളവാക്കി. കാശ്മീരിൻെറ പ്രകൃതിസൗന്ദര്യം ഒന്നിച്ചു കാണണമെങ്കിൽ ഗുൽമാർഗ്ഗിലെ ഈ കുന്നിൻപുറത്തു തന്നെ നിന്നു നോക്കണം. കാശ്മീരിൽ കണ്ടതെല്ലാം മറന്നാലും ഈ കാഴ്ച മനസ്സിൽ മങ്ങാതെ നിൽക്കുമെന്നുള്ളതു തീർച്ചയാണു്. വേനൽക്കാലത്തു് മധുവിധു ആഘോഷിക്കാനാഗ്രഹിക്കുന്ന യുവതീയുവാക്കന്മാർക്കു് ഈ രണ്ടു സ്ഥലങ്ങളും ഞാൻ ശുപാർശ ചെയ്തുകൊള്ളുന്നു. പക്ഷേ നിങ്ങളുടെ സ്ത്രീധനം അതിനു മാത്രമേ കാണുകയുള്ളു എന്ന വസ്തുത മറക്കരുതെന്നു മാത്രം.

# VI

## ടൂറിസ്ററുകൾ അന്നുമിന്നും

കാശ്മീർതാഴ്വരപോലെ ശതാബ്ദങ്ങളായി സഞ്ചാരികളെ ഹഠാദാകർഷിച്ചിട്ടുള്ള നയനാഭിരാമമായ സ്ഥലങ്ങൾ വളരെ ചുരുക്കമാണ്.

സൗന്ദര്യോപാസകന്മാരായിരുന്ന മുഗൾചക്രവർത്തിമാരുടെ കാലം മുതൽ തന്നെ കാശ്മീർപര്യടനം ഇന്ത്യയിലും ഇന്ത്യയ്ക്കു വെളിയിലും സുപ്രസിദ്ധമായിരുന്നു. കാശ്മീറിലെ ടൂറിസ്റ്റുവ്യവസായത്തിന് ആരംഭം കുറിച്ചതും അരലക്ഷത്തോളം അനുയായികളും പരിവാരങ്ങളുമൊന്നിച്ച് നടത്തിയതുമായ ഔറംഗസീബിൻെറ ചരിത്രപ്രസിദ്ധമായ കാശ്മീർ സന്ദർശനം ഇന്ന് ഒരു സാഹസമായേ തോന്നുകയുള്ളു. ഡൽഹിയിൽനിന്നു ഇന്ന് ഒന്നര മണിക്കൂർകൊണ്ട് സുഖമായി പറന്നെത്താവുന്ന ശ്രീനഗറിലേക്ക് ആന, ഒട്ടകം, കഴുത, ചുമട്ടുകാർ, സൈന്യങ്ങൾ, പ്രമാണികൾ, രാജകുമാരികൾ, അന്തഃപുരത്തിലെ തരുണീമണികൾ എന്നിവരോടൊപ്പം രണ്ടും മൂന്നും മാസത്തെ താമസത്തിനാവശ്യമായ സാധനങ്ങളുടെ അകമ്പടിയോടുകൂടി ചുട്ടുപിടിച്ച ഇന്ത്യൻ സമതലങ്ങളിൽ നിന്നു കാൽനടയായി കാശ്മീരിലെത്തിച്ചേരുന്നതിനുള്ള വിഷമതകളെപ്പററി ഇന്ന് ഊഹിക്കാൻ തന്നെ പ്രയാസമായിരിക്കും.

പതിനേഴാം നൂററാണ്ടിൽ കാശ്മീരിലേയ്ക്കു നടത്തപ്പെട്ട ഈ രാജകീയഘോഷയാത്രയിൽ പങ്കെടുത്തു്

ബനിഹാൾചുരം കടന്ന ആദ്യത്തെ യൂറോപ്യനും മുഗൾ കൊട്ടാരത്തിലെ ഫ്റഞ്ചു ഭിഷഗ്വരനുമായിരുന്ന ബേർണിയർ 1665-മാർച്ചുമാസത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"സൂര്യൻ ഉദിച്ചുയരുന്നതേയുള്ളു. എന്നിട്ടും അസഹ്യമായ ചൂട്. ഒരു മേഘശകലമെങ്കിലും കാണാനോ ഒരു കുഞ്ഞിക്കാററ് അനുഭവപ്പെടാനോ ഇല്ല. എൻെറ കുതിരകളെല്ലാം ക്ഷീണിച്ചു. ഞങ്ങൾ ലാഹോർ വിട്ട ശേഷം അവ ഒരു പുല്ലിൻെറ ഇലപോലും കണ്ടിട്ടില്ല. എൻെറ സഹായകരും കറുത്ത തൊലിയുള്ളവരുമായ ഇന്ത്യാക്കാർക്ക് ഇനിയും ഒന്നും ചെയ്യാനാവില്ല. എൻെറ മുഖവും പാദങ്ങളും കൈകളും വരണ്ടുകഴിഞ്ഞു. ദേഹമാസലം ചൂട്ട പൊങ്ങി സൂചികൊണ്ടു കുത്തിയാലെന്നപോലെ വേദനിക്കുന്നു. കൂടാരമില്ലാതെ ഒരു മരച്ചുവട്ടിൽ രാത്രിയിലഭയം തേടിയ ഞങ്ങളുടെ ഒരു കുതിരക്കാരൻ ഇന്നലെ രാവിലെ ചത്തുകിടക്കുന്നതാണു കണ്ടത്. രാത്രിയാകുന്നതിനു മുൻപ് ഒരു പക്ഷേ ഞാനും മരിച്ചേക്കുമെന്നു തോന്നിപ്പോകുന്നു. വെള്ളം കുടിക്കാൻ നാലഞ്ചു നാരങ്ങായും അല്പം ഉണങ്ങിയ തൈരുമല്ലാതെ ഇനിയും ആശാകേന്ദ്രമായി ഒന്നും അവശേഷിക്കുന്നില്ല. ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ. എൻെറ തൂലികത്തുമ്പിലെ മഷി ഉണങ്ങുന്നു. തൂലിക തന്നെ എൻെറ കൈയിൽനിന്നും താഴോട്ടു വീഴുന്നു..."

ഈ യാത്രാസംഘം കാശ്മീർമലകളുടെ കവാടമായ ഭിംബറിൽ എത്തിയപ്പോൾ സാധനങ്ങളും മററും ചുമന്നുകൊണ്ടു പോകുന്നതിന് അവിടെ മുപ്പതിനായിരം കൂലിക്കാർ തടിച്ചുകൂടിയിരുന്നു. ഇവരിൽ കുറേപ്പേരെ കാശ്മീർഗവർണ്ണരും സമീപസ്ഥലങ്ങളിലെ രാജാക്കന്മാരും അയച്ചതായിരുന്നു. മററുള്ളവർ ചുമടു ചുമന്ന് അല്പം കാശു കിട്ടുമെന്നുള്ള പ്രതീക്ഷയിൽ എത്തിച്ചേന്നതാണ്.

പല ആഴ്ചകളിലെ ക്ലേശകരമായ ഒരു യാത്രയ്ക്കുശേ

ഷം കാശ്മീരിലെ പച്ചപിടിച്ച കുന്നുകളും താഴ്വരക ളും കുളൎമ്മയുള്ള കാലാവസ്ഥയും ബേർണിയറെ വളരെ യധികം സന്തോഷിപ്പിച്ചു. ക്ലേശകരമായ ഒരു സുദീർ ഘയാത്ര കഴിഞ്ഞിട്ടും കാശ്മീർപട്ടണം അദ്ദേഹത്തെ നിരാശനാക്കിയില്ല. കാശ്മീർ താഴ്വരയെപ്പററി കാ വ്യോചിതമായ ഭാഷയിൽ ഇന്ത്യയുടെ സ്വൎഗ്ഗം എന്നു വിശേഷിപ്പിച്ചുകൊണ്ടു് അദ്ദേഹം ഇപ്രകാരം എഴുതി.

പൎവ്വതങ്ങളിൽനിന്നു് ഉത്ഭവിക്കുന്ന അസംഖ്യംഅരുവി വികൾ കുന്നുകളെയും താഴ്വരകളെയും തഴച്ചു വളരു ന്ന തരുലതാദികളാൽ പച്ചപിടിപ്പിച്ചു് സുന്ദരമാക്കി യിട്ടുണ്ടു്. രാജ്യത്തൊട്ടാകെ ഫലപുഷ്ടിയുള്ള ഒരുദ്യാ നത്തിൻെറ പ്രതീതിയാണനുഭവപ്പെട്ടുക. മികച്ച കൃ ഷിവിളകളുടെയും ഫലതരുനികരങ്ങളുടെയും ഇടയിൽക്കൂ ടി ഗ്രാമങ്ങളും കുഗ്രാമങ്ങളും കാണാൻ കഴിയും. മൈ താനങ്ങൾ, മുന്തിരിത്തോപ്പുകൾ, നെൽവയലുകൾ, കുങ്കു മകുസുമജാലങ്ങൾ, വിവിധതരം വെജിററബിൾ എന്നി വയെ വേർതിരിച്ചുകൊണ്ടു് അവയുടെ ഇടയിൽക്കൂടി അരുവികളും തോട്ടകളും നീർച്ചാട്ടങ്ങളും ഒഴുകുന്നു. യൂ റോപ്പിൽ കാണാറുള്ള പുഷ്പങ്ങളാലും ചെടികളാ ലും ഭൂമി പൂശപ്പെട്ടിരിക്കുന്നു. അവിടെ ആപ്പിൾ, പ്ളം, ആപ്രിക്കോട്ടു്, വാൽനട്ടു് എന്നിവ ഫലഭാര നമ്റശിരസ്കരായി നിലകൊള്ളുന്നു.

ഈ വർണ്ണന ഇന്നും കാശ്മീരിനെ സംബന്ധി ച്ചിടത്തോളം അന്വത്ഥമാണു്. അവിടുത്തെ സൂൎയ്യൻ ഇ ന്നു കരുണയററവനല്ല. മലേറിയായും അവിടെ ഇല്ല. ഹിമാലയനിരകളിലെ മഞ്ഞുമലകളാൽ വലയം ചെയ്യ പ്പെട്ട. ഈ കാശ്മീർതാഴ്വര മദ്ധ്യേഷ്യയുടെ അരു കിൽ തിരുകിയിരിക്കുന്ന ഒരു മരതകക്കല്ലാണു്. ബേർ ണിയറിനുശേഷം കാശ്മീർ വളരെയധികം പ്രശസ്ത സഞ്ചാരികളുടെയും സാഹിത്യകാരന്മാരുടെയും തൂലിക യെ ആകർഷിച്ചിട്ടുണ്ടു്.

ബ്രിട്ടീഷ്ഭരണകാലത്തു് കാശ്മീരിൻെറ പ്രകൃതി സൌന്ദൎയ്യം ആസ്വദിക്കുന്നതിനും വേനൽക്കാലത്തു് അ

വിടെ സുഖവാസമെടുക്കുന്നതിനും ആയിരക്കണക്കിനു് ആളുകൾ വർഷംപ്രതി എത്തുക പതിവായിരുന്നു. അമേരിക്ക, യൂറോപ്യൻരാജ്യങ്ങൾ എന്നിവിടങ്ങളിൽനിന്നും ഇന്നു കാശ്മീറിൽ പറന്നെത്തുന്ന സഞ്ചാരികൾക്കു് എണ്ണമില്ല. സർവ്വോപരി മഹാരാഷ്ട്ര, യു. പി. പഞ്ചാബു്, ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽനിന്നു് പണക്കാരായ വ്യവസായികൾ കാശ്മീറിൽ സുഖവാസമെടുക്കുക പതിവായിട്ടുണ്ടു്. സെപ്തംബർ, ഒക്ടോബർ മാസങ്ങളും മാർച്ചു മുതൽ ജൂലൈവരെയുള്ള മാസങ്ങളുമാണു് സുഖവാസത്തിനു പററിയതു്.

ശ്രീനഗർ വിമാനത്താവളത്തിൽനിന്നു് ആറു മൈൽ അകലെ നഗരകേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന ടൂറിസ്റ്റു് സെൻററിൽ ടൂറിസ്റ്റുകൾക്കു വേണ്ട എല്ലാ സൌകര്യങ്ങളും ഇണക്കിയിട്ടുണ്ടു്. അവിടെനിന്നു ടൂറിസ്റ്റുകൾക്കു് ഇഷ്ടമുള്ള ഹോട്ടലിലൊ നൗകഗൃഹത്തിലൊ എത്തി താമസിക്കാവുന്നതാണു്. ബസ്സ്സ്റ്റാൻഡും ഇന്ത്യൻ എയർലൈൻസ് ഓഫീസും ടൂറിസ്റ്റു് ഡയറക്ടർ ഓഫീസും റെസ്റ്റോറൻറും പോസ്റ്റ് ഓഫീസുമെല്ലാം ഈ ടൂറിസ്റ്റ് സെൻററിലാണു്. താമസസൌകര്യം കിട്ടുന്നതുവരെ 24 മണിക്കൂർ താമസിക്കുന്നതിനു എല്ലാ സജ്ജീകരണങ്ങളും ഈ ടൂറിസ്റ്റുസെൻററിൽ ഉണ്ടു്. അവിടെ ക്യാമ്പു ചെയ്തുകൊണ്ടു് സൌകര്യപ്രദമായ ഹോട്ടലോ ഹൗസ്ബോട്ടൊ ഒരു സഞ്ചാരിക്കു കണ്ടുപിടിക്കാവുന്നതുമാണു്. ആവശ്യമായ എല്ലാ സഹായങ്ങളും ടൂറിസ്റ്റു സെൻററിൽനിന്നു പ്രതീക്ഷിക്കുകയും ചെയ്യാം. ഇത്രയും സൌകര്യപ്രദമായ ഒരു ടൂറിസ്റ്റുസെൻറർ ഇന്ത്യയുടെ മറെറതെങ്കിലും നഗരത്തിൽ ഉണ്ടോ എന്നുള്ളതു് സംശയമാണു്.

പണക്കാരായ അമേരിക്കൻ ടൂറിസ്റ്റുകളിൽമിക്കവരും ശ്രീനഗറിലെ ഏററവും വലുതും പ്രശസ്തവുമായ ഓബറോയി പാലസ് ഹോട്ടലിലാണു് താമസിക്കാൻ ഇഷ്ടപ്പെടുന്നതു്. ഡാൽ—നാഗിൻ തടാകങ്ങളുടെ എതിർവശത്തെ മലഞ്ചെരുവിൽ ചസ്മഷഹി പൂ

ന്തോട്ടത്തിനു സമീപത്തായി സ്ഥിതിചെയ്യുന്ന ഹോട്ടലിലെ ഒരു മുറിക്ക് ഒരു ദിവസത്തേക്കു 55 രൂപ മുതൽ 125 രൂപ വരെ വാടക കൊടുക്കണം. പണ്ട് ഈ കെട്ടിടം ഒരു രാജകൊട്ടാരമായിരുന്നു. ഹോട്ടൽമുറിയിൽ ഇരുന്നാൽ തടാകത്തിന്റെ മുകളിൽക്കൂടി വരുന്ന കുളിർ കാററ് ആവോളം ആസ്വദിക്കാം. സർവ്വോപരി സ്വർഗ്ഗീയമായ പ്രകൃതിദൃശ്യങ്ങളും ഹോട്ടലിന്റെ അങ്കണത്തിലെ പുൽത്തകിടിയിലിരുന്നു വല്ലതും കഴിക്കുന്നതിനു ഒരു പ്രത്യേക സുഖമുണ്ട്. നിങ്ങൾക്കാവശ്യമുള്ളതെല്ലാം അങ്കണത്തിലെ ചിനാർമരച്ചുവട്ടിൽ അടുക്കി വച്ചിട്ടുണ്ടാവും.

ഓബറോയിപാലസ് ഹോട്ടലിനു് ഒരു പ്രത്യേകതയുണ്ട്. ഹോട്ടൽ മാനേജരും ടൂറിസ്റ്റും ഡയറക്ടറും അതു പറഞ്ഞപ്പോഴാണ് ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടതു്. ചിത്രങ്ങളും വർണ്ണഭംഗിയും തിളക്കവുമുള്ള മദ്യക്കുപ്പികൾ കലാസുഭഗമായി അടുക്കിവച്ചിരിക്കുന്ന ബാറിന്റെ മുമ്പിലുള്ള ഉയർന്നതും കറങ്ങുന്നതുമായ കസേരകളിലിരുന്നു നോക്കിയാൽ അഭിമുഖമായിരിക്കുന്ന കണ്ണാടികളിൽ ഡാൽതടാകവും ചുററുമുള്ള മലകളും ഉദ്യാനങ്ങളും എല്ലാം സുവ്യക്തമായി പ്രതിഫലിക്കുന്ന അസുലഭ കാഴ്ച കാണാവുന്നതാണ്. ഒന്നും കഴിച്ചില്ലെങ്കിലും ബാറിലിരുന്നു നോക്കിയപ്പോൾ കണ്ട കാഴ്ച ഇപ്പോഴും മനസ്സിൽ പച്ചപിടിച്ചു നിൽക്കുകയാണ്.

# VII

# പ്രധാനമന്ത്രിയുടെ വസതിയിൽ

ഓഗസ്റ്റ് 31-ാംനു വൈകിട്ട് അഞ്ചുമണിക്ക് കാശ്മീർ പ്രധാനമന്ത്രി (ഇപ്പോൾ ചീഫ് മിനിസ്റ്റർ) ശ്രീ ജി. എം. സാദിക്കിനെ, ഞങ്ങൾ ക്ഷണമനുസരിച്ച് അദ്ദേഹത്തിൻെറ വസതിയിൽ ചെന്നു കാണുകയും ചായസല്ക്കാരത്തിൽ സംബന്ധിക്കുകയും ചെയ്തു. ശ്രീനഗറിൻെറ ഹൃദയത്തിൽ തന്നെ സ്ഥിതിചെയ്യുന്ന അത്ര വലുതല്ലാത്ത ഒരു കെട്ടിടത്തിലാണ് പ്രധാനമന്ത്രി താമസിക്കുന്നതു്. വീടിൻെറ മുൻവശത്തു് വരാന്തയിൽ വള്ളിച്ചെടികൾ പടന്നു തൂങ്ങി കിടക്കുന്നതു കൊണ്ടു് പുറത്തുനിന്നു നോക്കിയാൽ അകത്തുള്ള ഒന്നും തന്നെ കാണാൻ കഴിയുകയില്ല. ഒരു കൂളിംഗ്ഗ്ലാസ്സ് കണ്ണിനെന്നതുപോലെ ഈ സസ്യലതാദികൾ വീടിനു കുളർമ നൽകുന്നുണ്ടു്.

വീടിൻെറ വിശാലമായ പുൽത്തകിടിയിലാണ് ഞങ്ങൾക്കിരിക്കുന്നതിനായി വൃത്താകൃതിയിൽ കസേരകൾ ഇട്ടിരുന്നതു്. വൻപിച്ച ചിനാർമരങ്ങൾ ഞങ്ങളിരുന്നതിനു മുകളിൽ കുടചൂടി നിൽക്കുന്നുണ്ടായിരുന്നു. സായാഹ്നസമീരണൻ ശരീരത്തെയും കുളർപ്പിച്ചു.

ഞങ്ങളെയെല്ലാം പരിചയപ്പെട്ടശേഷം ഞങ്ങളുടെ ശ്രീനഗർവാസം സുഖപ്രദമാണോ എന്നു് ശ്രീ സാദിക് അന്വേഷിച്ചു. ഞങ്ങൾക്കു നൽകപ്പെട്ടിട്ടുള്ള താമസസൗകര്യങ്ങളെപ്പററി ടൂറിസ്റ്റ് ഡയറക്ടർ മിർ നസറുള്ള വിവരിച്ചു.

കാശ്മീരിലെ രാഷ്ട്രീയ സ്ഥിതിഗതികളെപ്പററിയും ടൂറിസവികസനത്തെപ്പററിയുമാണ് ശ്രീ സാദിക് പ്രധാനമായും പരാമർശിച്ചത്. കഴിഞ്ഞ പതിനേഴ വർഷത്തിനുള്ളിൽ ഇന്നത്തെപ്പോലെ സാധാരണ ഗതിയിലുള്ള രാഷ്ട്രീയ ജീവിതം കാശ്മീരിൽ കൈവന്നിട്ടില്ലെന്നുള്ള ആമുഖത്തോടുകൂടി സാദിക് ഇങ്ങനെ തുടന്നു:

രാഷ്ട്രീയ സ്ഥിതി ശാന്തമാണെങ്കിലും അവിടവിടെ ചില കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിൽ ഷെയ്ക്കു് അബ്ദുംള്ളയ്ക്കും കൈയുണ്ട്. യഥാർത്ഥത്തിൽ ഷെയ്ക്കു് അബ്ദുംള്ള ഇന്നൊരു പ്രശ്നമേയല്ല. അദ്ദേഹത്തിന് പണ്ടത്തെ സ്വാധീനം ഒന്നും ഇന്നില്ല. കാശ്മീരിൽ കുഴപ്പമാണെന്നു പ്രചരിപ്പിച്ച് ഇങ്ങോട്ടു വരുന്ന ടൂറിസ്റ്റുംകളെ നിരുത്സാഹപ്പെടുത്താനേ ഇന്നു ഷെയ്ക്കിനും മററും സാധിക്കുകയുള്ളു. ജനസംഘവും ടൂറിസ്റ്റുംകളെ പിൻതിരിപ്പിക്കുന്നതായി പരാതി ഉണ്ട്. മുപ്പതിനായിരം കുടുംബങ്ങൾ ടൂറിസ്റ്റുംവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നതുകൊണ്ടും ടൂറിസം കാശ്മീരിലെ ഒരു പ്രധാന വരുമാനമാർഗ്ഗമായതുകൊണ്ടും ടൂറിസ്റ്റുംകൾ വരാതിരുന്നാൽ രാജ്യത്തു് സാമ്പത്തിക കുഴപ്പമുണ്ടാക്കി രാഷ്ട്രീയമായി മുതലെടുക്കാമെന്നാണ് പലരുടെയും പ്ലാൻ.

വിദേശ ടൂറിസ്റ്റുംകളെ മാത്രം ആശ്രയിച്ചു പോകാനല്ല ഞങ്ങൾ ഉദ്ദേശിക്കുന്നതു്. ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽനിന്നും ടൂറിസ്റ്റുംകൾ ഇവിടെ വരണം. ഈ വിവരം കാണിച്ച് ആവശ്യമായ സഹായസഹകരണത്തിനു് ഞങ്ങൾ എല്ലാ മുഖ്യമന്ത്രിമാക്കും എഴുതിയിട്ടുണ്ട്. തികച്ചും പ്രോത്സാഹജനകമായ മറുപടികളാണ് പലരിൽ നിന്നും ലഭിച്ചിട്ടുള്ളതു്. ഇരുപതോ അതിൽ കൂടുതൽ ആളുകളൊന്നിച്ചു് ഒരാഴ്ചത്തെ പാസ്സേഞ്ജ് ടൂർ വ്യവസ്ഥയിൽ വരുന്നപക്ഷം അതു് അവക്കു വളരെ സൗകര്യപ്രദവും ലാഭകരവുമാണ്. കൽക്കട്ടയിൽനിന്നും ബോംബെയിൽ നിന്നുമാണ് ഇപ്പോൾ കൂടുതൽ ടൂറിസ്റ്റുംകൾ വന്നുകൊണ്ടിരിക്കുന്നതു്.

കഴിഞ്ഞവർഷം ടൂറിസ്റ്റുകളുടെ എണ്ണം കുറെ കുറഞ്ഞു. പക്ഷെ ഞങ്ങൾക്കതിൽ പരിഭ്രമമില്ല. ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിനുവേണ്ടി വിൻറർ കാലത്തെ ടൂറിസ്റ്റ് സൗകര്യങ്ങൾ വളരെ വർദ്ധിപ്പിക്കാൻ പോകയാണ്. കോടിക്കണക്കിനു രൂപാ ചെലവാക്കി ഗുൽമാർഗ്ഗിലും, പഹൽഗാമിലും ശ്രീനഗറിലും താമസസജ്ജീകരണങ്ങളും മററും ഏർപ്പെടുത്തുന്നതാണ്. ഗുൽമാർഗ്ഗിൽനിന്നും കിലൻമാർഗ്ഗിലേക്ക് ഒരു റോപ്പ്‌വേ നിർമ്മിക്കാനും പരിപാടിയുണ്ട്.

ഒരു മണിക്കൂറിലധികം നേരം സന്ദർശനസൽക്കാരം നീണ്ടുനിന്നു. സത്യസന്ധതയ്ക്കും ഇന്ത്യയോടുള്ള കൂറിനും പ്രസിദ്ധനാണ് സാദിക്. മുൻ കാശ്മീർ പ്രധാനമന്ത്രിമാരെപ്പോലെ അദ്ദേഹം ഇന്ത്യയുടെ ,ഇതരസംസ്ഥാനങ്ങളിൽ വേണ്ടത്ര അറിയപ്പെട്ടിട്ടില്ലെങ്കിലും കാശ്മീർ ജനതയ്ക്ക് സാദിക്കിന്റെ നേതൃത്വത്തിൽ സംതൃപ്തിയാണുള്ളത്. ഇന്ത്യയുടെ അവിഭാജ്യഘടകമെന്ന നിലയിൽ കാശ്മീരിന്റെ നാനാതരത്തിലുള്ള വികസനത്തിലും ജനങ്ങളുടെ ക്ഷേമത്തിലും ബദ്ധശ്രദ്ധനാണദ്ദേഹം.

പൊതുജനപ്രതിനിധികളോടും ഉദ്യോഗസ്ഥന്മാരോടും പത്രപ്രവർത്തകരോടും മററും ഒരു ഭരണാധികാരിയാണെന്ന വിചാരത്തോടല്ല അദ്ദേഹം പെരുമാറുന്നതെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. പത്രപ്രതിനിധികളുടെ തോളിൽ കൈ വച്ച് തന്റെ വസതിക്കു മുമ്പിലുള്ള പുൽത്തകിടിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്ന സംഭവം ഇപ്പോഴും സ്മരണയിൽ മായാതെ നിൽക്കുന്നുണ്ട്. പൊതുജനങ്ങളോട് അടുത്ത സമ്പർക്കം പുലർത്തി ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന ഒരു ജനസേവകനെയാണ് സാദിക്കിൽ ഞങ്ങൾക്കു കാണാൻ കഴിഞ്ഞത്.

VIII

# ഭാവി ടൂറിസത്തിൽ അധിഷ്ഠിതം

കാശ്മീരിലെ ഏററവും പ്രധാനപ്പെട്ട ടൂറിസ്റ്റു വ്യവസായത്തിൽ രണ്ടുലക്ഷംപേർ ഏർപ്പെട്ടിരിക്കുന്നു. സഞ്ചാരികളെക്കൊണ്ടു മാത്രമാണു് ശ്രീനഗറിലെ ജലാശയങ്ങളിലും വേനൽക്കാല സുഖവാസകേന്ദ്രങ്ങളിലും മററുമായി മുപ്പതിനായിരം കുടുംബങ്ങൾ ജീവിക്കുന്നതെന്നു ചിന്തിക്കുമ്പോൾ അത്ഭുതം തോന്നാം. ഒരു സഞ്ചാരി വന്നാൽ മൂന്നു പേക്കു ജോലിയാകും എന്നാണു് ടൂറിസ്റ്റു് ഡയറക്ടർ മിർനസറുള്ള പറഞ്ഞതു്. ബക്ഷി ഗുലാംമുഹമ്മദിൻെറ ജാമാതാവായ ഇ. ഐ. ഏ. എസ്സുകാരൻ ഭാവനാസമ്പന്നതയും പ്രസരിപ്പും കഴിവും ഉള്ള യുവഉദ്യോഗസ്ഥനാണു്.

കാലാവസ്ഥയുടെ പ്രാതികൂല്യംമൂലം ആണ്ടിൽ ഏതാണ്ടു് ആറു മാസക്കാലമേ ടൂറിസ്റ്റുകൾ കാശ്മീർതാഴ്വരയിൽ വരുന്നുള്ളു. ഈ നിലയിൽ മാററം വരുത്തുന്നതിനു് വർഷം മുഴുവനും ടൂറിസ്റ്റുകൾ വരത്തക്ക വിധത്തിലുള്ള പദ്ധതികളാണു് ഇപ്പോൾ വിഭാവനം ചെയ്തുകൊണ്ടിരിക്കുന്നതു്. മഞ്ഞുകാലത്തു് ഐസിൽ കളിക്കുന്നതിനു് ആഗ്രഹിക്കുന്ന വിദേശികളെ ആകർഷിക്കാനായി 25 കോടി രൂപയുടെ പദ്ധതികൾ ശ്രീനഗറിലും ഗുൽമാർഗ്ഗ, പഹൽഗാം തുടങ്ങിയ കേന്ദ്രങ്ങളിലും നടപ്പാക്കാൻ തീരുമാനിച്ചിരിക്കയാണു്.

സൗന്ദര്യം കടഞ്ഞെടുത്ത കാശ്മീരിൽ ഞങ്ങൾ

ശരൽക്കാലത്താണ് എത്തിയതു്. ടൂറിസ്റ്റുകൾ വന്നുതുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു. കാശ്മീരിനെ എല്ലാത്തരത്തിലും സ്നേഹിച്ചിരുന്ന നെഹ്റുവിൻെറ വാക്കുകളിൽ പറഞ്ഞാൽ "കാശ്മീർ അതീവസുന്ദരിയായ ഒരു സ്ത്രീയേപ്പോലെയാണ്. അവളുടെ സൌന്ദര്യം വ്യക്തിത്വമില്ലാത്തതും മാനുഷികാഭിലാഷത്തിനതീതവുമാണ്.", വസന്തകാലത്തു് പുഷ്പങ്ങൾകൊണ്ടുള്ള പരവതാനിപോലെ മനോഹരമായ കാശ്മീർ ഹേമന്തകാലത്തു് ക്രിസ്തുമസ്സ്കാർഡുപോലെ സുന്ദരമായിത്തോന്നും. പക്ഷെ ശരൽക്കാലത്തിനു് അതിൻേറതായ ഒരു പ്രത്യേകതയാണുള്ളതു്. വലിയ താമരപ്പൂക്കളുടെ സൌന്ദര്യം ആസ്വദിക്കണമെങ്കിൽ ശരൽക്കാലാരംഭത്തിൽ തന്നെ താഴ്‌വരയിൽ എത്തണം.

കാലാവസ്ഥ ഏററവും നല്ലതും ശരൽക്കാലത്താണ്. കാലവർഷം ശരിക്കും കഴിഞ്ഞിരിക്കും, എല്ലായിടത്തും നീലാകാശവും ഹിമാവൃതമായ പർവ്വതശിഖരങ്ങളും കണ്ണിന്നുത്സവം അരുളും.

ശ്രീനഗറിൽ എത്തുന്ന സഞ്ചാരികൾക്കു നിശ്ചിതനിരക്കിൽ ടാക്സികളും, കുതിരവണ്ടികളും, ഷിക്കാരകളും സുലഭമായി ലഭിക്കുന്നതാണ്. സിററി ബസ്സ് സർവ്വീസിനു പുറമെ ടൂറിസ്റ്റുകേന്ദ്രങ്ങളിലേക്കു കാശ്മീർ ഗവമ്മെൻറു വക ട്രാൻസ്പോർട്ടു ബസ്സുകളും സർവീസു നടത്തി വരുന്നു. ബസ്സുകളുടെ സമയം ചാർജ്ജ്നിരക്ക് തുടങ്ങിയ വിവരങ്ങൾ ടൂറിസ്റ്റ് റിസപ്ഷൻ സെൻററിൽനിന്നും ലഭിക്കുന്നതാണ്.

ധാരാളം ഹോട്ടലുകളുള്ള നഗരമാണ് ശ്രീനഗർ. പാശ്ചാത്യ സുഖസൌകര്യങ്ങളുള്ള ഒബറോയി, നിഡോസ് തുടങ്ങിയവയിൽ ഒരു ദിവസം താമസിക്കണമെങ്കിൽ ഭക്ഷണം ഉൾപ്പെടെ കുറഞ്ഞതു് നൂറു രൂപ വേണം. ഇന്ത്യൻ മാതൃകയിലുള്ള നെഹ്റു ഗസ്റ്റ് ഹൌസ്, പാലസ്, മസ്ഡ ഗവർമ്മെൻറു് ഹോട്ടൽ, നൃപാലസ്, ഗ്രാൻസ്, റിവർവ്യൂ, കാശ്മീർവാലി തുടങ്ങിയ

ഹോട്ടലുകളിൽ സിംഗിൾ റൂമിനു് 8 മുതൽ 15 രൂപ വരെയും ഡബിൾ റൂമിനു് 15 മുതൽ 25 രൂപവരെയും ചാർജ്ജ് കൊടുക്കണം.

സെപ്റ്റംബർ 3-ാംനു വ്യാഴാഴ്ച നാലരമണിക്കായിരുന്നു കാശ്മീർ ഗവർണ്ണർ സദിയാസത്ത് ഡോ. കരൻസിംഗുമായുള്ള ഞങ്ങളുടെ കൂടിക്കാഴ്ച. ഞങ്ങൾ കൃത്യം നാലരമണിക്കുതന്നെ അദ്ദേഹത്തിന്റെ കൊട്ടാരത്തിലെ സ്വീകരണമുറിയിൽ എത്തി. ഡാൽ-നാഗിൻ തടാകങ്ങളുടെയും മുഗൾ ഉദ്യാനങ്ങളുടെയും മററു സുന്ദരദൃശ്യങ്ങളുടെയും പശ്ചാത്തലഭംഗിയോടുകൂടിയ കൊട്ടാരം അല്പം ഉയർന്ന ഒരു കുന്നിന്റെ നെറുകയിലാണു് സ്ഥിതിചെയ്യുന്നതു്.

ഞങ്ങളെ ഓരോരുത്തരേയും പരിചയപ്പെട്ടശേഷം കാശ്മീറിന്റെ ഭാവി വ്യവസായവൽക്കരണത്തിലാണധിഷ്ഠിതമെന്നു് ഡോ. കരൻസിംഗ് പറഞ്ഞു. ടൂറിസ്റ്റു വ്യവസായത്തിൽ ഉണ്ടായിരിക്കുന്ന അധഃപതനം മാറുമ്പോൾ കാശ്മീർ ഇനിയും അഭിവൃദ്ധിപ്പെടുമെന്നുള്ള പ്രത്യാശ അദ്ദേഹം പ്രകടിപ്പിച്ചു. ചായസൽക്കാരത്തിനായി ഞങ്ങളെ ക്ഷണിച്ച ഡോ. കരൻസിംഗ് ഓരോരുത്തക്കും പ്ലേററുകൾ എടുത്തു തന്നു. അദ്ദേഹം ഭക്ഷണം വിളമ്പിക്കൊടുക്കുന്ന ഒരാളായി മാറി. ചായസൽക്കാരവേളയിൽ അദ്ദേഹം ഓരോരുത്തരേയും വീണ്ടും പരിചയപ്പെട്ടു് അവരവർ പ്രതിനിധാനം ചെയ്യുന്ന പത്രങ്ങളെപ്പററി ആരാഞ്ഞു. മലയാളമനോരമ ദിനപത്രത്തിനു് ഒന്നരലക്ഷത്തിൽപരവും ആഴ്ചപ്പതിപ്പിനു് രണ്ടുലക്ഷത്തിൽപരവും പ്രതികൾ ചെലവുണ്ടെന്നു ഞാൻ പറഞ്ഞപ്പോൾ ഡോ. കരൻസിംഗ് അത്ഭുതപ്പെട്ടു.

കേരളത്തിൽ ശങ്കർമന്ത്രിസഭയുടെ ഭാവി ത്രാസിലിരുന്ന സമയമായിരുന്നു അതു്. കേരളം വീണ്ടും ചരിത്രം സൃഷ്ടിക്കുകയാണല്ലോ എന്നു് ഡോ. കരൻസിംഗ് പറഞ്ഞു. കേരളത്തെപ്പററിയെന്നല്ല ഇന്ത്യയിലെ ഓരോ സ്റ്റേററിലെയും ആഭ്യന്തരകാര്യങ്ങളെപ്പററി വളരെ



പത്രപ്രതിനിധികൾ ജമ്മു–കാശ്മീർ ഗവൎണ്ണർ ഡോ. കരൻസിംഗിനോടൊപ്പം.
വലത്തുനിന്നും രണ്ടാമത്തു ലേഖകൻ

യധികം അവഗാഹമുള്ള ഒരാളാണു് ഡോ. സിംഗ് എന്നു് സംഭാഷണത്തിൽനിന്നു മനസ്സിലായി. കാശ്മീർ യൂണിവേഴ്സിററിയുടെ വൈസ്ചാൻസലറായിരിക്കുമ്പോൾതന്നെ പ്രസ്തുത യൂണിവേഴ്സിററിയിൽനിന്നും ബിരുദങ്ങൾ നേടിയ ഡോ. കരൻസിംഗ് വളരെയധികം വായിക്കുന്ന ഒരാളാണു്. തലേദിവസം ശ്രീനഗറിലെ വ്യവസായ പ്രദർശനം ഉൽഘാടനം ചെയ്തുകൊണ്ടു് അദ്ദേഹം ചെയ്ത പ്രസംഗം ശ്രവിച്ച ഞങ്ങൾക്കു് ഡോ. സിംഗിൻെറ നൂതനാശയങ്ങളും ഇംഗ്ളീഷ് ഭാഷയിലുള്ള പിടിപാടും മനസ്സിലാക്കാൻ കഴിഞ്ഞു. ഭരണാധികാരിയല്ല, വിനയമുള്ള ഒരു വിദ്യാർത്ഥിയാണു് അദ്ദേഹം. കാശ്മീരിൻെറ രാഷ്ട്രീയവും പൊതുവുമായ ജീവിതത്തിൽ അനുപമമായ ഒരു സ്ഥാനമാണു് അദ്ദേഹത്തിനുള്ളതു്.

ഒന്നാം ലോകമഹായുദ്ധം കഴിയുന്നതുവരെ ടൂറിസം കാശ്മീരിൽ വികസിച്ചിരുന്നില്ല. അതിനുമുമ്പു് വളരെ കുറച്ചുപേർ മാത്രമേ കാശ്മീർതാഴ്വരയിൽ വർഷംതോറും എത്തിക്കൊണ്ടിരുന്നുള്ളു. ഇങ്ങനെ എത്തുന്നവർ സഞ്ചാരത്തിനായി കുതിരവണ്ടികളെയാണു് ആശ്രയിച്ചിരുന്നതു്. രണ്ടും മൂന്നാം ദിവസങ്ങൾകൊണ്ടേ ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു അന്നു പോകാൻ കഴിഞ്ഞിരുന്നുള്ളു. അന്നത്തെ സഞ്ചാരികളിലധികവും ബ്രിട്ടിഷ് ഗവമ്മെൻറുദ്യോഗസ്ഥന്മാരും, ഡോക്ടർമാരും, ചില മെഡിക്കൽ മിഷ്യനറിമാരുമായിരുന്നു. ഇവരെല്ലാം തന്നെ ഇന്ത്യൻ സമതലപ്രദേശങ്ങളിലെ ചൂടിൽനിന്നും രക്ഷപ്പെട്ടു് വിശ്രമിക്കാൻ എത്തിക്കൊണ്ടിരുന്നവരാണു്. യുദ്ധാനന്തരം മോട്ടോർ കാറുകൾ നിലവിൽ വന്നു. കാർ പ്രചാരത്തിലായതോടുകൂടി കൂടുതൽ ടൂറിസ്റ്റുകളും വന്നുതുടങ്ങി. വിമാനയാത്ര അന്നു യൂറോപ്പിൽ സൈനികതലത്തിൽ വന്നിരുന്നില്ല. യാത്രാസൌകര്യങ്ങൾ വികസിച്ചതോടുകൂടി ടൂറിസ്റ്റുവ്യവസായവും അഭിവൃദ്ധിപ്പെട്ടു.

കാശ്മീരികളല്ലാത്തവർക്കു് ഭൂമി വാങ്ങി വിട്ടു വസ്തു

ന്നതിന് അനുവാദം നൽകാഞ്ഞതുകൊണ്ട് താമസ സൌകര്യം ഒരു പ്രശ്നമായിത്തീന്നു. പക്ഷെ ആ പ്രശ്നം നൌകഗൃഹങ്ങൾ പരിഹരിച്ചപ്പോൾ നെയ്ത്തുകാരും, കൊത്തുപണിക്കാരും മററും നിമ്മിക്കുന്ന സാധനങ്ങൾ വേനൽക്കാലത്തു വരുന്ന സഞ്ചാരികൾ വാങ്ങിക്കുക പതിവായി. ഹൌസ്ബോട്ടുകാരും, കരകൌശല വസ്തുക്കൾ നിമ്മിക്കുന്നവരും തങ്ങളുടെ പ്രധാന വരുമാനമാഗ്ഗത്തിനു ടൂറിസ്റ്റുകളെ കൂടുതൽ ആശ്രയിക്കേണ്ടിവന്നു. വർഷങ്ങൾ കഴിയുംതോറും ടൂറിസ്റ്റുകളുടെ എണ്ണം വദ്ധിച്ചു വന്നു. ഇന്നു കാശ്മീർ സഞ്ചാരികളുടെ യഥാർത്ഥ പറുദീസാ തന്നെയാണ്. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ ഓരോ വർഷവും കാശ്മീരിലെത്തി മുമ്പ് താമസിച്ചിരുന്ന ഹൌസ്ബോട്ടുകളിൽ താമസിക്കുകയും പഴയ ഭൃത്യന്മാരുടെ പരിചരണം ആഗ്രഹിക്കുകയും പരിചയമുള്ളവരിൽനിന്നും വിചിത്രപ്പണികൾ ചെയ്തിട്ടുള്ള തുണികളും തടികൊണ്ടുള്ള ശില്പങ്ങളും മററും വാങ്ങുകയും ചെയ്യുന്നു. സാഹസിക മനോഭാവമുള്ളവർ പരിചയക്കാരായ ആളുകളുടെ സഹായത്തോടുകൂടി മലകൾ കയറാൻപോകും. ചില സഞ്ചാരികൾ വേട്ടയാടുമ്പോൾ മററു ചിലർ ഫോട്ടോ എടുക്കുന്നു. വേറെ ചിലർ പക്ഷിനിരീക്ഷണം നടത്തുമ്പോൾ ഇനിയും ഒരു കൂട്ടർ താഴ്വരയുടെ ചുററും കിടക്കുന്ന നീലമലകളിൽ അലസമായി നടക്കുന്നുണ്ടാവും. പ്രകൃതിയിലെ സുന്ദരങ്ങളായ കാഴ്ചകളും കാലാവസ്ഥയും സഞ്ചാരികൾക്ക് ആരോഗ്യമുള്ള മനസ്സും ശരീരവും നൽകുന്നു.

ടൂറിസ്റ്റുകളുടെ അഭിരുചി അനുസരിച്ച് കരകൌശലവസ്തുക്കളുടെ പരമ്പരാഗതമായ നിമ്മാണരീതിയിലും മാററം വന്നിട്ടുണ്ട്. ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചതോടുകൂടി സാധനങ്ങളുടെ പ്രിയവും കൂടി. വിദേശസഞ്ചാരികൾ തിരിച്ചു ചെല്ലുമ്പോൾ അവരവരുടെ രാജ്യങ്ങളിലും, കാശ്മീരിൽ പരമ്പരാഗതമായ രീതിയിൽ നിമ്മിക്കുന്ന കൌതുകവസ്തുക്കൾക്കു പ്രിയം വർദ്ധിക്കുക പതിവാണ്. തന്നിമിത്തം യൂറോപ്പിൽനി

നും ചില സാധനങ്ങൾക്ക് ഓർഡർ ലഭിക്കുന്നു്. ടൂറിസ്റ്റുംവ്യവസായം പലവിധത്തിൽ കാശ്മീരിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. സഞ്ചാരികളുമായി ബന്ധപ്പെട്ട വള്ളക്കാരും കച്ചവടക്കാരും ശതക്കണക്കിനു ഭൃത്യന്മാരും ഇംഗ്ലീഷ്ഭാഷ പഠിച്ചു; പഠിക്കുന്നുമുണ്ടു്. കാശ്മീരിൽ പലതരത്തിലുള്ള ആളുകൾ സുഖവാസത്തിനായി വരുന്നതുകൊണ്ടു് അവരെപ്പററിയെല്ലാം പഠിക്കുന്നതിന് കാശ്മീരിലുള്ളവക്കു സാധിക്കുന്നു. പലവിധ സ്വഭാവമുള്ളവരെ ഒരു മനഃശാസ്ത്രജ്ഞൻെറ ബുദ്ധികൂർമ്മതയോടുകൂടി പരിചരിക്കുന്നതിനും അവരെ സംതൃപ്തരാക്കി പറഞ്ഞയയ്ക്കുന്നതിനും കാശ്മീരികൾക്കു് അവസരം ലഭിക്കുന്നു. ഈ സഞ്ചാരികൾ വീണ്ടും വരാതിരിക്കുകയില്ല.

രണ്ടാം ആഗോളയുദ്ധം പൊട്ടിപ്പുറപ്പെട്ടതിനെ തുടന്നു് കാശ്മീർതാഴ്വര ഏഷ്യയിലെ ഏററവും പ്രമുഖ സുഖവാസകേന്ദ്രമെന്ന പ്രസിദ്ധി ആർജ്ജിച്ചു; എല്ലാ രാജ്യങ്ങളിൽനിന്നും സഞ്ചാരികൾ കാശ്മീരിലേക്കു പ്രവഹിച്ചു. ഹൗസ്ബോട്ടുകാക്കും, ഭൃത്യന്മാക്കും, കച്ചവടക്കാക്കും, നെയ്ത്തുകാക്കും, കലാകാരന്മാക്കുമെല്ലാം കൊയ്ത്തുകാലം ആരംഭിച്ചു. നാല്പതിനായിരം ടൂറിസ്ററുകൾ 1940-നും 1946-ം ഇടയ്ക്കു് ഒരു വർഷം കാശ്മീർതാഴ്വര സന്ദർശിച്ചു ചരിത്രം സൃഷ്ടിച്ചു. ഇവരിൽ ഭൂരിഭാഗവും ധാരാളം ചെലവാക്കാൻ കഴിവുണ്ടായിരുന്ന അമേരിക്കൻ സൈനികരായിരുന്നു. ശ്രീനഗറിലെ ക്ലബ്ബുകളും, ഹോട്ടലുകളും, ഹൌസ്ബോട്ടുകളും സഞ്ചാരികളെക്കൊണ്ടു നിറഞ്ഞു. പണം ഝലംനദിയിലെ ജലംപോലെ ഒഴുകി. ശില്പകലകളിലും നെയ്ത്തിലും ഏർപ്പെട്ടിരുന്നവർ ഊണും ഉറക്കവുമില്ലാതെ പണിചെയ്തു് പണം സമ്പാദിച്ചു. സഞ്ചാരികളുടെ വിമാനങ്ങൾ കാശ്മീർ താഴ്വരയുടെ മുകളിൽ നിത്യവും പറന്നുകൊണ്ടിരുന്നു. ഗുൽമാർഗ്ഗിലെ മഞ്ഞുകാലകളികൾ യൂറോപ്പിലും പ്രസിദ്ധമായി. താരതമ്യേന ശാന്തമായിരുന്ന മഞ്ഞുകാല അന്തരീക്ഷം സഞ്ചാരികളുടെ ചാട്ടവും ഓട്ടവുംമൂലം ശബ്ദായമാന

മായി. കാശ്മീരിലെ സുഖവാസ ജീവിതസൌകര്യങ്ങളെപ്പററിയുള്ള ചൂടാറാത്ത അനുഭവങ്ങളും വാർത്തകളും തെക്കുകിഴക്കൻ ഏഷ്യാകമാൻഡിൽ എത്തി. കൂടുതൽ കൂടുതൽ അമേരിക്കൻ സൈനികവിമാനങ്ങൾ അവധി ലഭിക്കുന്ന പട്ടാളക്കാരെയുംകൊണ്ടു് ശ്രീനഗറിൽ പാഞ്ഞെത്തിക്കൊണ്ടിരുന്നു. ടൂറിസ്ററു വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ കാശ്മീരികളും സമ്പന്നരായി. ഈ സുവർണ്ണകാലഘട്ടം എന്നും തുടരാൻ അവർ ആഗ്രഹിച്ചിരിക്കണം. പക്ഷെ യുദ്ധം കഴിഞ്ഞതോടുകൂടി സ്ഥിതിഗതികളിൽ വലിയ മാററം സംഭവിച്ചു.

1947-ലെ വേനൽക്കാലം ശാന്തമായിക്കടന്നുപോയി. ഓഗസ്ററു് 15-ാംതീയതി പാക്കിസ്ഥാൻ രൂപം പ്രാപിച്ചു. ഒക്ടോബറിൽ പാക്കിസ്ഥാൻെറ നിലപാടിൽ ഉണ്ടായ മാററത്തെ തുടർന്നു ഭീകരപ്രവർത്തകരായ ഗിരിവർഗ്ഗക്കാർ ശ്രീനഗറിലും പരിസരപ്രദേശങ്ങളിലും എത്തി കൊള്ളകൾ നടത്തി. കാശ്മീർ ഒരു സമരഭൂമിയായി മാറി. ടൂറിസ്ററുവ്യവസായം ഒരു സ്മരണ മാത്രമായി അവശേഷിച്ചു.

1949-ൽ കാശ്മീരിൽ വെടിനിറുത്തൽ ഉണ്ടായതിനെത്തുടർന്നു വീണ്ടും ടൂറിസ്ററുവ്യവസായം തലപൊക്കി. കാഴ്ചകൾകൊണ്ടും കാലാവസ്ഥകൊണ്ടും അനുഗൃഹീതമായ താഴ്വരയെ ആർക്കും അങ്ങനെ വിസ്മരിക്കാൻ കഴികയില്ല. ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും 'ഇന്ത്യയെ കണ്ടെത്തുന്നതിനായി' പലരും കാശ്മീരിൽ വന്നുകൊണ്ടിരുന്നു. ട്രാൻസ്പോർട്ട സർവ്വീസുകളുടെ സമ്പൂർണ്ണമായ പുനഃസംഘടനയെ തുടർന്നു ടൂറിസ്ററുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു. ഓരോവർഷം കഴിയുന്തോറും ആയിരക്കണക്കിനു ടൂറിസ്ററുകൾ വന്നു തുടങ്ങി. 1963-ൽ അരലക്ഷത്തിലധികം ടൂറിസ്ററുകളെ കാശ്മീർതാഴ്വര സൽക്കരിച്ചു. കഴിഞ്ഞ വർഷം രാഷ്ട്രീയമായ പല കാരണങ്ങളാലും കള്ളപ്രചരണങ്ങളാലും ടൂറിസ്ററുകളുടെ എണ്ണം അല്പം കുറഞ്ഞു. എന്നാൽ 1964-ൽ ടൂറിസ്ററുവ്യവസായ

ത്തിൽ ചരിത്രം സൃഷ്ടിക്കുന്നതിനുള്ള പരിപാടിയാണ് ആവിഷ്ക്കരിച്ചിരുന്നതു്. ഒരു ലക്ഷത്തോളം ടൂറിസ്ററുകൾ 1964-ൽ കാശ്മീർ സന്ദർശിക്കുമെന്നു പ്രതീക്ഷിച്ചു. കാശ്മീർ ഇന്ത്യയുടെ അവിഭാജ്യഘടകമായിത്തീരുകയും അവിടത്തെ നിയമസമാധാനനില ഭദ്രമാകയും ചെയ്തതിനാൽ സഞ്ചാരികൾ കൂടുതലായി വരാനുള്ള സാദ്ധ്യതകളാണു കഴിഞ്ഞവർഷം ഉണ്ടായിരുന്നതു്

# IX

## നാട്ടും ജനങ്ങളും

എൺപത്തയ്യായിരം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള കാശ്മീരിനെ ഭൂമിശാസ്ത്രപരമായും സാംസ്കാരികമായും ജമ്മു, കാശ്മീർ, ലഡാക്ക് എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. പണ്ടുമുതൽ തന്നെ കശ്മീർ ഇന്ത്യയുടെ ഒരു ഭാഗമാണ്. ബി. സി. മൂന്നാം ശതകത്തിൽ അശോകചക്രവർത്തിയുടെ ഭരണത്തിൻകീഴിലായിരുന്നു ഈ ഭൂവിഭാഗം. കനിഷ്കന്റെ കാലത്ത് ഒരു ബുദ്ധമതകേന്ദ്രം എന്ന നിലയിൽ കാശ്മീർ പ്രസിദ്ധമായി. എ. ഡി. 1527 മുതൽ കാശ്മീർ മുഗൾ ചക്രവർത്തിമാരുടെ കീഴിലായി. സാഗരനിരപ്പിൽ നിന്ന് അയ്യായിരത്തിലധികം അടി ഉയരത്തിൽ കിടക്കുന്ന ഈ രമ്യഭൂവിഭാഗം മുഗൾചക്രവർത്തിമാരുടെ സുഖവാസകേന്ദ്രം ആയിത്തീർന്നതിനാൽ കാശ്മീരിൽ മനോഹരങ്ങളായ ഉദ്യാനങ്ങൾ സംവിധാനം ചെയ്യപ്പെട്ടു.

ബുദ്ധമതം പ്രചരിച്ചതോടൊപ്പം ഹിന്ദുമതവും കാശ്മീരിൽ നിലവിലിരുന്നു. ഹൈന്ദവക്ഷേത്രങ്ങളും ബുദ്ധവിഹാരങ്ങളും അടുത്തടുത്തു സ്ഥിതിചെയ്തിരുന്നു. കാശ്മീരിലെ ഏററവും പ്രമുഖനായിരുന്ന ലളിതാദിത്യൻ എന്ന രാജാവാണ് മാർത്താണ്ഡിലെ സുപ്രസിദ്ധമായ ക്ഷേത്രം നിർമ്മിച്ചത്. ഹിമാലയപർവ്വതത്തിന്റെ വടക്കുപടിഞ്ഞാറെ സാനുപ്രദേശങ്ങളിൽ കുന്നുകളും തടാകങ്ങളും താഴ്വരകളും അരുവികളുംകൊ

ണ്ടു നിറഞ്ഞുകിടക്കുന്ന കാശ്മീരിലെ പ്രകൃതിദൃശ്യങ്ങൾ ഇന്ത്യയുടെ മറെറാരുഭാഗത്തും ഇല്ല. അതുപോലെ ഈ നാട്ടിലെ ജനങ്ങളും കാലാവസ്ഥയനുസരിച്ചു പ്രത്യേക ജീവിതരീതികളുള്ളവരാണ്. മഞ്ഞിലും വെള്ളത്തിലും കുന്നുകളിലും ജീവിക്കുന്ന കാശ്മീർജനത സൗന്ദര്യവും സൌന്ദര്യബോധവുമുള്ള ഒരു വിഭാഗമാണ്.

താരതമ്യേന വിദ്യാഭ്യാസം കുറഞ്ഞ ഗ്രാമീണരാണ് ജനങ്ങളിൽ ഭൂരിഭാഗവും. അവർ കൃഷി, കാലിവളർത്തൽ എന്നിവയെ ആശ്രയിച്ചാണ് കഴിയുന്നതു്. ഞങ്ങൾ സഞ്ചരിച്ചസമയം അവിടെ കണ്ട നെൽകൃഷി വളരെ മെച്ചമായിട്ടാണു തോന്നിയതു്. വളർത്തുമൃഗങ്ങളെ ഇത്രയധികം ആശ്രയിക്കുന്ന ജനങ്ങളും മററില്ലെന്നു പറയാം. പാലും ആട്ടരോമവും കാശ്മീരിലെ ജീവിതത്തിനനിവാര്യമാണ്. പാൽ നല്ല ആരോഗ്യം നൽകുന്നു. കമ്പിളി തണുപ്പിൽനിന്നും രക്ഷിക്കുന്നു. ബലിഷ്ഠകായന്മാരായ ആളുകളെയാണ് നാട്ടിൻപുറങ്ങളിൽ കാണാൻ കഴിഞ്ഞതു്. ഇത്രയധികം കഠിനാദ്ധ്വാനം ചെയ്യുന്ന സ്ത്രീകളെ മറെറാരിടത്തും ഞാൻ കണ്ടിട്ടില്ല. നിലം ഉഴുന്നതും, കൃഷി ചെയ്യുന്നതും, വിറകുവെട്ടുന്നതും, ചുമടു ചുമക്കുന്നതും എല്ലാം സ്ത്രീകളുടെ ജോലിയിൽ പെടുന്നതാണെന്നു തോന്നി.

ബ്രിട്ടീഷ് മേൽക്കോയ്മയുടെ കീഴിൽ 1947 വരെ മഹാരാജക്കന്മാരാൽ ഭരിക്കപ്പെട്ടുവന്ന ജമ്മു-കാശ്മീർ സംസ്ഥാനം ഇന്ഡ്യയിലെ ഇതര സ്റ്റേറ്റുകളെക്കാൾ എല്ലാനിലയിലും പിന്നണിയിലാണ്. വളരെയധികം ലോഹങ്ങളും ജലസമ്പത്തുമുള്ള കാശ്മീരിൽ അവ ഉപയോഗപ്പെടുത്തുന്നതിനോ വേണ്ടത്ര വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ ഇനിയും കഴിഞ്ഞിട്ടില്ല. ജനങ്ങളിൽ തൊണ്ണൂറു ശതമാനവും കൃഷിയെ ആശ്രയിച്ചാണു ജീവിക്കുന്നതു്. കൃഷിരീതികൾ പരിഷ്കൃത മാർഗ്ഗങ്ങളിലേക്ക് ഇനിയും തിരിഞ്ഞിട്ടില്ല. കൃഷിക്കാരിൽ ഭൂരിപക്ഷവും ഭൂരഹിതരും കടത്തിന്റെ അടിമകളുമാണ്. പട്ടിണിയും രോഗവും പലയിടങ്ങളിലും സാധാരണക്കാരെ വിഷമി

പ്പിക്കുന്നു. നഗരങ്ങളിലെ ജീവിതവും പുരോഗമിച്ചുകഴി ഞ്ഞിട്ടില്ല. 1940 വരെ സാക്ഷരതാശതമാനം 6.6 ആയി രുന്നു. സ്ത്രീകളിൽ ഭൂരിഭാഗവും എഴുത്തും വായനയും അ റിഞ്ഞുകൂടാത്തവരും ആയിരുന്നു.

സ്ത്രീവിദ്യാഭ്യാസത്തിൽ വളരെ പിന്നണിയിൽ നി ന്ന കാശ്മീർ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പ്രസ്തു ത തുറയിൽ വലിയ പുരോഗതിയാണു കൈവരിച്ചതു്. ശ്രീനഗറിലെ സയൻസുകോളജിൽഇന്നു ശതക്കണക്കി നു ബാലികമാർ പഠിക്കുന്നുണ്ടു്. ബസ്സുകളിലും കുതിര വണ്ടികളിലും പ്രൈവററുവാനുകളിലുമായി ബാലിക മാർ കോളജിൽ എത്തുന്നു. വനിതാവിദ്യാഭ്യാസകാര്യ ത്തിൽ ഗവമ്മെൻറു കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ടു്. ഗ്രാമീണഭവനങ്ങൾ മിക്കതും രണ്ടു നിലയുള്ളതാണു്. താഴത്തെ നിലയിൽ കന്നാകാലികൾക്കും താമസസൌക ര്യം ഏർപ്പെടുത്തിയിട്ടുണ്ടു്. രണ്ടാമത്തെ നിലയിൽ ര ണ്ടോ മൂന്നോ മുറികളും ഒരു വരാന്തയും കാണും. വേ നൽക്കാലത്തു വരാന്തയിൽവച്ചാണു് ഭക്ഷണം പാകം ചെയ്യുന്നതു്. മഞ്ഞുകാലത്തു് ആളുകൾ മുറിയ്ക്കുള്ളിൽ ആയിരിക്കും. കച്ചികൊണ്ടാണു വീടുകൾ മേഞ്ഞിരിക്കു ന്നതു്. മഴവെള്ളവും മഞ്ഞും വീണാൽ പെട്ടെന്നു താ ഴെ പോകാത്തവിധത്തിൽ ചരിഞ്ഞതാണു മേല്പുര. വ ലിയ മൺപാത്രങ്ങളിലാണു് അവർ കൃഷിക്കുള്ള വിത്തു കൾ സൂക്ഷിക്കുന്നതു്. മഞ്ഞുകാലങ്ങളിൽ സ്ത്രീകൾ നൂ ൽനൂല്പ് ജോലിയിൽ വ്യാപൃതരാകും. പുരുഷന്മാർ വി ചിത്രങ്ങളായ പരവതാനികളും വിരിപ്പുകളും തുന്നിക്കൊ ണ്ടിരിക്കും. വേനൽക്കാലത്തു് ടൂറിസ്റ്റുകൾ വരുന്നതോ ടുകൂടി ഈ സാധനങ്ങളെല്ലാം വിററഴിയും. അങ്ങനെ ആറു മാസത്തെ പ്രയത്നംകൊണ്ടു സമ്പാദിച്ച പണം അ ടുത്ത ആറു മാസത്തെ ജീവിതാവശ്യങ്ങൾക്കായി പല കു ടുംബങ്ങളും വിനിയോഗിക്കുന്നു.

അസംതൃപ്തരായ ജനക്കൂട്ടം പൌരാവകാശങ്ങൾക്കു വേ ണ്ടിയും പ്രാഥമിക ജീവിത സ്വാതന്ത്ര്യങ്ങൾക്കുവേണ്ടിയും സംഘടിച്ചു. 1930-ാ മാണ്ടോടുകൂടി ഈ ജനകീയ **സംഘടന സുശക്തമാകുകയും ഭരണാധികാരികൾ ഉത്കണ്ഠ**

ഷ്ടി ഉപയോഗിച്ചു് അതിനെ അടിച്ചമർത്താൻ ശ്രമിക്കു കയും ചെയ്തു. സ്വേച്ഛാധിപത്യ ഭരണത്തിനു വിരാമം ഇട്ടുകയും ജനാധിപത്യ ഭരണത്തിനു വഴിതുറക്കുകയും ചെയ്തതു് നാഷണൽ കോൺഫറൻസു് എന്ന രാഷ്ട്രീയ സംഘടനയാണു്.

കാശ്മീർ ജനതയുടെ ജനാധിപത്യ ഭരണത്തിനു വേണ്ടിയുള്ള മുന്നേററത്തിൽ അവക്കു വേണ്ട ആവേശവും പ്രചോദനവും നൽകുന്നതിൽ മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്റുവും, മൗലാനാ ആബുൾകലാം ആസദ്ദും മററു പ്രമുഖ ഇൻഡ്യൻ നേതാക്കന്മാരും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മർദ്ദനവും ഭീഷണിയും വർദ്ധിച്ചപ്പോൾ ഈ നേതാക്കന്മാർ അവരുടെ രക്ഷയ്ക്കായി ഓടി എത്തി. 1946-ൽ കാശ്മീർ ജനത ചരിത്ര•പ്രസിദ്ധമായ 'ക്വിററ് കാശ്മീർ' സമരം ആരംഭിച്ചപ്പോൾ നിരോധനം ലംഘിച്ചു കാശ്മീരിൽ കടന്ന നെഹ്റുവിനെ സംസ്ഥാനാധികൃതർ അറസ്റ്റുചെയ്തു. ഇതേസമയം അഖിലേന്ത്യാ മുസ്ലീംലിഗ് നേതാക്കന്മാർ ജനങ്ങളുടെ സമരത്തിനു പിൻതുണ നൽകാതെ സ്വേച്ഛാധിപത്യത്തെ പരസ്യമായി സഹായിച്ചു. ഇക്കാരണത്താലാണു് കാശ്മീരിലെ മുസ്ലീംകൾ മുസ്ലീംലിഗിൻെറ വർഗ്ഗീയ രാഷ്ട്രീയത്തിൽ നിന്നു് ഒഴിഞ്ഞുമാറിയതു്.

1947- ൽ ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുകയും ഈ ഉപഭൂഖണ്ഡം ഇഡ്യൻ യൂണിയൻ എന്നും, പാക്കിസ്ഥാൻ എന്നും രണ്ടായി വിഭജിക്കപ്പെട്ടുകയും ചെയ്തു. പാക്കിസ്ഥാൻ രൂപം കൊണ്ടു് അധികം താമസിക്കാതെ ജമ്മു കാശ്മീരിൻെറ നേരെ യാതൊരു മുന്നറിയിപ്പും കൂടാതെ സാമ്പത്തിക ഉപരോധം ഏർപ്പെട്ടത്തി. തന്നിമിത്തം ജനങ്ങൾക്കു അത്യാവശ്യ സാധനങ്ങൾ ലഭിക്കാതെ കുറച്ചുനാൾ വളരെയധികം കഷ്ടപ്പെടേണ്ടിവന്നു. ഈ നടപടികൾ കാശ്മീരിനെ പാക്കിസ്ഥാനോട്ടുകൂടി ചേർക്കുന്നതിനുവേണ്ടി സ്വീകരിച്ചതാണെന്നു പിന്നീട്ടു നടന്ന സംഭവങ്ങൾ തെളിയിച്ചു.

സാമ്പത്തിക ഉപരോധം നിലവിലിരിക്കെ പാക്കിസ്ഥാൻ സായുധസൈന്യങ്ങളെ കാശ്മീരിലേക്കയച്ച് ആക്രമണം ആരംഭിച്ചു. ദൊഹാലിഗ്രാമം ആക്രമിക്കുകയും കൊള്ളയടിക്കുകയും വീട്ടുകൾ തീവച്ചുനശിപ്പിക്കുകയും ചെയ്തു. ഈ തരത്തിലുള്ള കയ്യേററങ്ങൾ കൂടികൂടി ഒരു വലിയ ബഹുമുഖാക്രമണമായത്തീൎന്നു. 1947 ഒക്ടോബർ 20-ാംനു- അതിർത്തിയിലെ ഒരു വലിയ സംഘം ഗോത്രവർഗ്ഗക്കാർ മുസഫരബാദിനടുത്തുള്ള സംസ്ഥാനത്തിൻെറ അതിർത്തി കൈയേറി. ആക്രമണകാരികൾ സ്റ്റെൻഗണ്ണും, മോർട്ടോറുകളും, റൈഫിളുകളും മൈനുകളും മററും പ്രയോഗിച്ചു. തുടൎന്നു ഗോത്രവർഗ്ഗക്കാർക്കു പകരം പാക്കിസ്ഥാൻ കരസേന സമരം ആരംഭിച്ചു.

മുസഫരബാദ് ആക്രമിച്ചശേഷം ആക്രമണകാരികൾ ദോമൽ, യൂറി, ബാരമുള, പററാൻ എന്നിസ്ഥലങ്ങൾ കൈയടക്കുകയും ശ്രീനഗറിലേക്കു നീങ്ങുകയും ചെയ്തു. പിടിച്ചടക്കപ്പെട്ട പ്രദേശങ്ങൾ കൊള്ളയടിക്കുകയും തീ വയ്ക്കുകയും ജനങ്ങളെ മർദ്ദിക്കുകയും ഉണ്ടായി. ശ്രീനഗറിലും മററും വിദ്യുച്ഛക്തി വിതരണം ചെയ്യുന്ന വൈദ്യുത പദ്ധതി ആക്രമണകാരികൾ തകർത്തു.

ബാരമുളയിലെ സെൻറു ജോസഫസ് കോൺവെൻറ് സ്റ്റാഫിലെ പല അംഗങ്ങളെയും ആക്രമണകാരികൾ വധിച്ചു. സ്റ്റാഫിലെ ഒരംഗമായ ഫാദർ ജോർജ്ജ് ഷാങ്ക്സ് പറയുന്നു:- കോൺവെൻറിനോടനുബന്ധിച്ചുള്ള ആശുപത്രിവാർഡിൽ ആക്രമണകാരികൾ കടന്നു് രോഗികളെ വെടിവെച്ചു. പ്രസവിച്ചധികം കഴിയാത്ത ഒരു മുസ്ലിം യുവതിയെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന 20 വയസ്സുള്ള ഒരുനഴ്സിനെ ആദ്യവും പിന്നീട്ട് ആ മുസ്ലിംയുവതിയേയും വെടി വെച്ചു കൊന്നു. മൃതശരീരത്തിനടുത്തു്ഉടനെ മുട്ടുകുത്തിയ മദർസുപ്പീരിയറിനെ മർദ്ദിക്കുകയും അവരുടെ കൈയിലുണ്ടായിരുന്ന പണം അപഹരിക്കുകയും ചെയ്തു. ഒരാൾ മദർ സുപ്പീരിയറിൻെറ നേക്കു തോക്കുചൂണ്ടുന്നതു കണ്ട അസിസ്റ്റൻറ്, മദർ സുപ്പീരിയറിൻെറ മുമ്പിൽ ചാടിവീഴുകയും വെടിയുണ്ട അവരുടെ ഹൃദയത്തിലൂടെ കടക്കയാൽ അവർ മരിക്കുകയും ചെയ്തു

മദർ സപ്പീരിയറും വെടികൊണ്ടു മരിച്ചു. ബ്രിട്ടീഷ്
ഇന്ത്യൻ ആർമിയിലെ ഒരു റിട്ടയാർഡ് കേണലായ
സൈക്ക്സും അദ്ദേഹത്തിൻെറ സഹായത്തിനോടിയെ
ത്തിയ മിസ്സിസ് സൈക്ക്സും വെടിയേററു മരിച്ചു.
ഇതുപോലെയുള്ള ഞെട്ടിക്കുന്ന സംഭവങ്ങൾ ബാരമുള
യിലും മററും നടന്നു. ഇപ്രകാരമുള്ള സംഭവപരമ്പര
കളെത്തുടൎന്ന ശ്രീനഗർ കൈയടക്കാനായി പാക്കിസ്ഥാനി
സായുധഭടന്മാർ മുന്നേറി. ഈ അവസരത്തിൽ പാക്കി
സ്ഥാനി ആക്രമണകാരികളെ ചെറുക്കാൻ നാഷനൽ
കോൺഫ്രൻസ് ആഹ്വാനം ചെയ്യുകയും നാഷനൽമി
ലിഷ്യ രൂപംകൊള്ളുകയും ചെയ്തു. കാശ്മീരിൽ സമു
ദായ സൗഹാർദ്ദം പരിരക്ഷിച്ചുകൊണ്ട് മുന്നോട്ടു പോ
കാൻ നാഷനൽ കോൺഫ്രൻസിനു കഴിഞ്ഞു. പാക്ക്
നുഴഞ്ഞുകയററക്കാരെ നിലയ്ക്കു നിറുത്തുന്നതിനും കാശ്
മീരിനെ രക്ഷിക്കുന്നതിനും വേണ്ടി അവസാനം കാശ്
മീർ ഇന്ത്യയോടു ചേരുകയും ഇന്ത്യയുടെ സഹായം ആ
വശ്യപ്പെടുകയുമാണു ചെയ്തത്. അങ്ങനെ മഹാരാജാവ്
ഇന്ത്യയോടു ചേരുന്നതിനുള്ള ഉടമ്പടി ഒപ്പുവെച്ചു. കാശ്
മീർ നിയമപരമായും ഭരണഘടനാപരമായും ഇന്ത്യയുടെ
അവിഭാജ്യഘടകമായിത്തീൎന്നു.

ഇന്ത്യൻസായുധസേനയുടെ ആദ്യഘടകം 1947
ഒക്ടോബർ 27—ാം നു ശ്രീനഗറിലേക്ക് പ്രവേശിച്ചു.
കാശ്മീരികൾ സന്തോഷംകൊണ്ടു
തുള്ളിച്ചാടി. ജനസഹസ്രങ്ങൾ ശ്രീനഗറിൽ എത്തിയ
സമാധാനത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും രക്ഷാപു
രുഷന്മാരെ സ്വാഗതം ചെയ്തു. കാശ്മീരിലെ സ്വാതന്ത്ര്യ
പ്രസ്ഥാനത്തിൻെറ ലക്ഷ്യം ... ഴി
ഞ്ഞു. ഇന്ത്യയോടു ചേരുന്നതി... ശ്
മീർ ജനങ്ങളെല്ലാം സ്വാഗതം ... ൽ
ചേർന്ന നാഷണൽ കോൺ... ബ
ന്ധമായ സുപ്രധാനപ്രമേയം അംഗീകരിക്കുകയും പിന്നീട്
പാക്കിസ്ഥാൻെറ ആക്രമത്തെത്തുടൎന്നുള്ള സംഗതികളെ
പ്പററി ഇന്ത്യ യു. എൻ. സെക്യൂരിററി കൗൺസിലിൻെറ
ശ്രദ്ധയിൽ പെടുത്തുകയുമുണ്ടായി. അക്രമപ്രവർത്തനങ്ങ

MUL
288433

ളിൽനിന്നു് പാക്കിസ്ഥാനെ പിൻതിരിപ്പിക്കുന്നിതനുള്ള ശ്രമത്തിൽ സെക്യൂരിററികൗൺസിലിൻെറ ശ്രദ്ധ വേണ്ട തുപോലെ പതിഞ്ഞില്ല. പാക്കിസ്ഥാൻ കാശ്മീരിൻെറ ഒരു വമ്പിച്ച ഭാഗം കൈയടക്കി. അവിടെ പൗരസ്വാതന്ത്ര്യമില്ലാതെ ജനങ്ങൾ കഷ്ടതകളും പട്ടിണിയും സഹിച്ചു ജീവിക്കുകയാണു്.

കാശ്മീർ ഇന്ത്യയോടു ചേർന്നതുകൊണ്ടും ഇന്ത്യൻ സായുധസൈന്യങ്ങളുടെ പ്രവർത്തനങ്ങൾകൊണ്ടുമാണു് കാശ്മീർതാഴ്‌വര സംരക്ഷിക്കാൻ കഴിഞ്ഞതു്. ആക്രമണകാരികൾ യൂറിമേഖലയ്ക്കപ്പുറത്തേയ്ക്കു തള്ളപ്പെട്ടു.

ഇക്കഴിഞ്ഞ ഓഗസ്റ്റ് 5—ാം നു ആരംഭിച്ച കാശ്മീർ ആക്രമണത്തിലും പാക്കിസ്ഥാൻ പഴയ തന്ത്രംതന്നെയാണു പ്രയോഗിച്ചതു്. പക്ഷേ ഇന്ത്യൻ സെക്യൂരിററി സൈന്യത്തിൻെറ ധീരോചിതവും കാശ്മീർജനതയുടെ സമയോചിതവുമായ പ്രവർത്തനങ്ങളാൽ കാശ്മീർ വീണ്ടും ശത്രുക്കളെ തുരത്തെറിഞ്ഞതിൽ ഇന്ത്യൻ ജനത ആഹ്ലാദിക്കുന്നുണ്ടാവും.

MUL
288433

UNIVERSITY LIBRARY
-9 DEC 1974
MADRAS
288433
U8:292:N6
32K5

12 DEC 1960

VB
11/3/87

U8:
3